17
2026
നവംബർ
ചൊവ്വ
തുലാം 01

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 213 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-213 പേജ് 4. വില 2.00 രൂപ



02 നെടുമ്പാശേരി മിനികൂപ്പർ അപകടം; സുഹൈൽ സജീവ് ജാമ്യത്തിലിറങ്ങി

03 തെരുവുനായയെ സൈക്കിൾ കൊണ്ട് നേരിട്ട് സഹോദരങ്ങൾക്ക് രക്ഷകനായി ജ്യേഷ്ഠൻ

04 പെട്രോൾ ഗുണനിലവാര മാനദണ്ഡം ഉറപ്പാക്കും: മന്ത്രി അനൂപ് ജേക്കബ്

യുഡിഎഫിൽ അതൃപ്തി

എ ഗ്രൂപ്പ് ഇടയുന്നു, ഘടകകക്ഷികൾക്ക് മുറുമുറുപ്പ്



തിരുവനന്തപുരം: ബോർഡ്-കോർപറേഷൻ സ്ഥാനങ്ങൾ വീതംവയ്ക്കുന്നതിലെ അനിശ്ചിതത്വം കോൺഗ്രസിലും യുഡിഎഫിലും അതൃപ്തി പടർത്തുന്നു. ചർച്ചകളിൽപ്പോലും പങ്കാളികളാക്കുന്നില്ലെന്ന പരാതിയുമായി എ ഗ്രൂപ്പ് ഹൈക്കമാൻഡിനെ സമീപിക്കാനൊരുങ്ങുമ്പോൾ ഘടകകക്ഷികളും പരസ്യമായി അതൃപ്തി പ്രകടിപ്പിച്ച് രംഗത്തെത്തിയിരിക്കുകയാണ്. തീരുമാനങ്ങൾ വൈകുന്നതിൻറെ കാരണം കോൺഗ്രസ് നേതൃത്വം വ്യക്തമാക്കണമെന്ന് കേരള കോൺഗ്രസ് നേതാവ് മോൻസ് ജോസഫ് ആവശ്യപ്പെട്ടു.ആർഎസ്പിക്ക് മാന്യമായ പരിഗണന വേണമെന്ന ആവശ്യവുമായി ഷിബു ബേബി ജോണും രംഗത്തെത്തി. ബുധനാഴ്ച വിഡിഎസ് സർക്കാർ ആറുമാസം പൂർത്തിയാക്കാനിരിക്കെയാണ് ഭരണകക്ഷിയായ യുഡിഎഫിൽ അസ്വാരസ്യങ്ങൾ ശക്തമാകുന്നത്. അടൂർ പ്രകാശിൻറെയും ജെബി മേത്തറിൻറെയും പരസ്യ വിമർശനങ്ങൾക്കു പിന്നാലെ എ ഗ്രൂപ്പും നിലപാട് കടുപ്പിച്ച് രംഗത്തിറങ്ങിയിട്ടുണ്ട്. പദവികളിലെ പരിഗണന മാത്രമല്ല നിർണായക ചർച്ചകളിൽ അർഹമായ പ്രാതിനിധ്യം കൂടി വേണമെന്നാണ് ഗ്രൂപ്പിൻറെ ആവശ്യം.ബോർഡ്-കോർപറേഷൻ വിഭജനവുമായി ബന്ധപ്പെട്ട ചർച്ചകൾ മുഖ്യമന്ത്രി, കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ്, രമേശ് ചെന്നിത്തല എന്നിവരിൽ മാത്രം ഒതുങ്ങുന്നതിലാണ് എ ഗ്രൂപ്പിന് അതൃപ്തി. ഗ്രൂപ്പിൻറെ പ്രതിനിധികളായ മുൻ കെപിസിസി പ്രസിഡൻറുമാരെയും നിലവിലെ വർക്കിംഗ് പ്രസിഡൻറുമാരെയും ചർച്ചകളിൽ പങ്കെടുപ്പിക്കണമെന്നാണ് ആവശ്യം. ഇക്കാര്യത്തിൽ പരിഗണന ലഭിച്ചില്ലെങ്കിൽ എഐസിസിയെ സമീപിക്കാനും നീക്കമുണ്ട്.

കോൺഗ്രസിനുള്ളിലെ അതൃപ്തി ഘടകകക്ഷികളിലേക്കും വ്യാപിക്കുകയാണ്. ആർഎസ്പിക്ക് പിന്നാലെ കേരള കോൺഗ്രസും പരസ്യവിമർശനവുമായി രംഗത്തെത്തിയിട്ടുണ്ട്. പദവികൾ വീതംവയ്ക്കുന്നതിൽ മാത്രമല്ല, പാർട്ടിയിലെ പ്രമുഖനായ പി.ജെ. ജോസഫിനെ പരിഗണിക്കാത്തതിലും കേരള കോൺഗ്രസിന് പരാതിയുണ്ട്.മന്ത്രിമാർ തന്നെ മുന്നണിക്കുള്ളിലെ പരാതികൾ പരസ്യമായി ഉന്നയിക്കുന്ന അസാധാരണ സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ചുരുക്കത്തിൽ, മുസ്ലിം ലീഗ് മാത്രമാണ് ഇതുവരെ പരസ്യമായ അതൃപ്തി പ്രകടിപ്പിക്കാത്ത ഘടകകക്ഷി. അതേസമയം ലീഗിനെ ലക്ഷ്യമിട്ടുള്ള വിമർശനങ്ങൾ യഥാർഥത്തിൽ മുഖ്യമന്ത്രിയെ ഉന്നംവച്ചുള്ളതാണെന്നാണ് വി.ഡി. പക്ഷത്തിൻറെ വിലയിരുത്തൽ.

ബെൽജിയം ജേഴ്സിയോട് വിട; ലുക്കാക്കു ബൂട്ടഴിച്ചു

ബ്രസൽസ്: ബെൽജിയത്തിൻറെ ഇതിഹാസ താരം റൊമേലു ലുക്കാക്കു രാജ്യാന്തര ഫുട്ബോളിൽനിന്ന് വിരമിച്ചു.

ഇൻസ്റ്റഗ്രാമിലൂടെ പങ്കുവെച്ച കുറിപ്പിലാണ് 16 വർഷം നീണ്ട രാജ്യാന്തര കരിയറിന് താരം വിരാമമിട്ടത്. ബെൽജിയത്തിൻറെ ജേഴ്സിയണിയാൻ ലഭിച്ച അവസരത്തിൽ സന്തോഷമുണ്ടെന്നും ഈ യാത്ര പൂർണമായും ആസ്വദിച്ചെന്നും ലുക്കാക്കു കുറിച്ചു.

അതേസമയം ക്ലബ് ഫുട്ബോളിൽ തുടരുമെന്നും താരം വ്യക്തമാക്കി. നിലവിൽ തുർക്കി ക്ലബായ ഫെനർ ബാഷെയ്ക്കു വേണ്ടിയാണ് ലുക്കാക്കു കളിക്കുന്നത്. ബെൽജിയത്തിനായി 135 മത്സരങ്ങളിൽനിന്ന് 94 ഗോളുകളാണ് താരം നേടിയത്. രാജ്യാന്തര ഫുട്ബോളിൽ ഏറ്റവും കൂടുതൽ ഗോളുകൾ നേടിയ താരങ്ങളുടെ പട്ടികയിൽ അഞ്ചാം സ്ഥാനത്താണ് ലുക്കാക്കു.

ക്രിസ്റ്റ്യാനോ റൊണാൾഡോ, ലയണൽ മെസി, അലി ദേയി, സുനിൽ ഛേത്രി എന്നിവരാണ് പട്ടികയിൽ ലുക്കാക്കുവിന് മുന്നിലുള്ളത്. നാല് ലോകകപ്പുകളിലും മൂന്ന് യൂറോപ്യൻ ചാമ്പ്യൻഷിപ്പുകളിലും ബെൽജിയത്തിനായി ലുക്കാക്കു കളത്തിലിറങ്ങിയിട്ടുണ്ട്.

പെട്രോൾ വില കുറയില്ല, കാത്തിരിക്കേണ്ട; കണക്ക് നിരത്തി സുരേഷ് ഗോപി

ചെന്നൈ: പെട്രോൾ, ഡീസൽ വില ഉടൻ കുറയില്ലെന്ന് കേന്ദ്രമന്ത്രി സുരേഷ് ഗോപി. എണ്ണവിതരണ കമ്പനികൾ നേരിടുന്ന വൻ നഷ്ടം കൂടി കണക്കിലെടുക്കാതെ ഇന്ധനവില കുറയ്ക്കാനാകില്ലെന്ന് മന്ത്രി പറഞ്ഞു. ചെന്നൈയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ധനവില കുറയണമെന്ന ആഗ്രഹം നമുക്കെല്ലാമുണ്ട്.എന്നാൽ സാങ്കേതികമായി ഇപ്പോൾ അതിന് സാധ്യമല്ല. എണ്ണവിതരണ കമ്പനികൾ 42,000 കോടി രൂപയുടെ നഷ്ടം നേരിട്ടുകഴിഞ്ഞു. ഈ നഷ്ടം പരിഹരിക്കേണ്ടതുണ്ട്. പശ്ചിമേഷ്യയിലെ സംഘർഷങ്ങളും എണ്ണവിതരണ ശൃംഖലയിലുണ്ടായ പ്രതിസന്ധികളുമാണ് ഇന്ധനവില ഉയർന്നുനിൽക്കാൻ കാരണം. പ്രതിസന്ധികൾ പരിഹരിക്കാൻ കേന്ദ്രസർക്കാർ ശ്രമിക്കുന്നുണ്ട്.

ഓരോ സംസ്ഥാനത്തിനും ഇന്ധനനികുതി കുറയ്ക്കാവുന്നതാണെന്നും അദ്ദേഹം പറഞ്ഞു. അതേസമയം എണ്ണക്കമ്പനികളുടെ പെട്രോൾ, ഡീസൽ വിൽപ്പനയിലെ നഷ്ടം കുറഞ്ഞുവരുന്നതായാണ് ബ്രോക്കറേജ് സ്ഥാപനമായ ജെഫറീസിൻറെ റിപ്പോർട്ട്. ഒക്ടോബറിൽ 15 ദിവസത്തെ ശരാശരി കണക്കനുസരിച്ച് പെട്രോൾ വിൽപ്പനയിൽ ലിറ്ററിന് 22 രൂപയും ഡീസൽ വിൽപ്പനയിൽ ലിറ്ററിന് 28 രൂപയുമായിരുന്നു നഷ്ടം.

'നൈറ്റ് ലൈഫ് എങ്ങനെ നിരോധിക്കാനാകും ഡിജെ പാർട്ടികൾക്ക് മാത്രം എന്തിന് നിയന്ത്രണം' – വിമർശനവുമായി ഹൈക്കോടതി

കൊച്ചി: ഡിജെ പാർട്ടികൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയ പൊലിസ് നടപടിയെ വിമർശിച്ച് ഹൈക്കോടതി. ഡിജെ പാർട്ടികളെ മുൻവിധിയോടെ കാണാനാകില്ലെന്നും ഇത്തരം പാർട്ടികളെ മാത്രം പ്രത്യേകമായി ലക്ഷ്യമിടുന്നത് എന്തിനാണെന്നും ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ചോദിച്ചു.

കൊച്ചിയിൽ ഡിജെ പാർട്ടികൾ നിയന്ത്രിച്ച് കൊണ്ട് പൊലിസ് പുറത്തിറക്കിയ സർക്കുലർ ഹൈക്കോടതി സിംഗിൾ ബെഞ്ച് റദ്ദാക്കിയതിനെതിരെ സർക്കാർ സമർപ്പിച്ച അപ്പീലിൽ ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ അധ്യക്ഷനായ ഡിവിഷൻ ബെഞ്ചാണ് വിമർശനം ഉയർത്തിയത്.

ബാറുകളിൽ നൃത്തം ചെയ്യാനോ പാട്ട് കേൾക്കാനോ പാടില്ലെന്ന് പറയാനാകുമോ നൃത്തം ചെയ്യുന്നത് ലഹരി ഉപയോഗത്തിന് കാരണമാകുമെന്ന് എങ്ങനെയാണ് പറയാനാകുക മദ്യാസക്തി ബാറുകളിൽ മദ്യം വിളമ്പുന്നതിൽ പൊലിസിന് എതിർപ്പില്ല, എന്നാൽ ഡിജെ പാർട്ടികൾക്ക് മാത്രം നിയന്ത്രണം ഏർപ്പെടുത്തുന്നത് എന്തിനാണെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ചോദിച്ചു.

അമ്പലങ്ങളിലും പള്ളികളിലും ആളുകൾ നൃത്തം ചെയ്യാറില്ലേ നൃത്തം ചെയ്യുന്നത് ലഹരി ഉപയോഗത്തിന് കാരണമാകുമെന്ന് എങ്ങനെയാണ് പറയാനാകുക എന്നും കോടതി ചോദിച്ചു. മദ്യവിൽപ്പന സർക്കാരിന് പ്രശ്നമല്ല. കാരണം മദ്യത്തിൻറെ വിൽപ്പനയിലൂടെ സർക്കാരിന് പണം ലഭിക്കുന്നുണ്ട്. എന്നാൽ ഡിജെ പാർട്ടികളെ മാത്രം പ്രത്യേകം ലക്ഷ്യവെയ്ക്കുന്നത് ശരിയല്ലെന്നും കോടതി ചൂണ്ടിക്കാട്ടി. അതേസമയം, ലഹരി ഉപയോഗത്തോട് വിട്ടുവീഴ്ചയില്ലെന്നും ഡിജെ പാർട്ടി വേദികളിൽ പൊലിസിനെ വിന്യസിക്കാമെന്നും കോടതി വ്യക്തമാക്കി.

പയ്യന്നൂർ സി.വി. ധനരാജ് വധക്കേസ്; വിധി 23ന്

കണ്ണൂർ: പയ്യന്നൂരിലെ സിപിഎം പ്രവർത്തകൻ സി.വി.ധനരാജ് കൊല്ലപ്പെട്ട കേസിൽ 23ന് വിധിപറയും. തളിപ്പറമ്പ് അഡീഷണൽ ജില്ലാ കോടതിയാണ് കേസിൽ വിധി പ്രസ്താവിക്കുക. അന്തിമ വാദം പൂർത്തിയായതോടെയാണ് കേസ് വിധി പറയാനായി മാറ്റിയത്. 21 ആർഎസ്എസ്-ബിജെപി പ്രവർത്തകരാണ് കേസിലെ പ്രതികൾ.2016 ജൂലൈ 11നാണ് സിപിഎം ഏഴിമല ബ്രാഞ്ച് സെക്രട്ടറിയായിരുന്ന ധനരാജ് കൊല്ലപ്പെട്ടത്. വീട്ടിലേക്ക് ബൈക്കിൽ വരികയായിരുന്ന ധനരാജിനെ മൂന്ന് ബൈക്കുകളിലായി പിന്തുടർന്നെത്തിയ സംഘം വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു. കേസിൽ ആകെ 21 പ്രതികളാണുള്ളത്. ഇതിൽ പന്ത്രണ്ടാം പ്രതിയായ ചൂരക്കാട് ബിജു ഒരു വർഷത്തിന് ശേഷം കൊല്ലപ്പെട്ടു.


ധനരാജിൻറെ ഭാര്യയും അമ്മയും ഉൾപ്പെടെയുള്ള സാക്ഷികളുടെ വിസ്താരം നേരത്തെ പൂർത്തിയാക്കിയിരുന്നു. മുഴുവൻ പ്രതികളേയും കോടതി നേരിട്ട് ചോദ്യം ചെയ്തു. അന്തിമ വാദം കൂടി പൂർത്തിയായതോടെയാണ് കേസ് വിധി പറയാനായി മാറ്റിയത്. ധനരാജ് കൊല്ലപ്പെട്ട അതേ ദിവസം രാത്രിയിൽ ബിജെപി പ്രവർത്തകനായിരുന്ന സി.കെ. രാമചന്ദ്രനും ഒരു സംഘം ആളുകളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടിരുന്നു.

പറവൂർ താലൂക്ക് ആശുപത്രിയിലെ ചികിത്സാ പിഴവ്: കുത്തിയിരിപ്പ് സമരവുമായി കാൽ മുറിച്ചുമാറ്റപ്പെട്ട അബ്ദുൽ ജബ്ബാർ

കൊച്ചി: വടക്കൻ പറവൂർ താലൂക്ക് ആശുപത്രിയിലെ ചികിത്സാ പിഴവ് പരാതിയിൽ നടപടി എടുക്കാത്തതിൽ കുത്തിയിരിപ്പ് സമരവുമായി കാൽ മുറിച്ചു മാറ്റേണ്ടിവന്ന കുന്നുകര സ്വദേശി അബ്ദുൽ ജബ്ബാർ. താലൂക്ക് ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിന് മുന്നിൽ കുത്തിയിരുന്നാണ് ജബ്ബാർ പ്രതിഷേധിക്കുന്നത്.ചികിത്സാ രേഖകൾ ആവശ്യപ്പെട്ടുള്ള ആർടിഐ അപ്പീലിന് കാലാവധി കഴിഞ്ഞിട്ടും മറുപടി തരാത്ത ആശുപത്രി സൂപ്രണ്ടിൻറെ തീട്ടൂരം അവസാനിപ്പിക്കുക. ഇരയായ എൻറെ ഭാഗം കൂടി മെഡിക്കൽ വിജിലൻസ് കേൾക്കുക. പൊലിസിൽ നൽകിയ പരാതികളിൽ എഫ്ഐആർ രജിസ്റ്റർ ചെയ്ത് അന്വേഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് ജബ്ബാറിൻറെ പ്രതിഷേധം.അതേസമയം, ആശുപത്രി സൂപ്രണ്ടിൻറെ റിപ്പോർട്ട് പ്രകാരം പ്രാഥമിക അന്വേഷണത്തിൽ ആശുപത്രിയുടെ ഭാഗത്തു നിന്ന് വീഴ്ചയില്ല എന്നായിരുന്നു മുൻ സിപ്പൽ ചെയർമാൻ രമേഷ് ഡി. കുറുപ്പിൻറെ വിശദീകരണം. ആശുപത്രിക്കെതിരെ ആസൂത്രിത നീക്കം നടക്കുന്നതായും മുഖ്യമന്ത്രിയുടെ മണ്ഡലം ആയതുകൊണ്ട് സിപിഎം അത് പെരിപ്പിച്ചു കാണിക്കുകയാണെന്നും ചെയർമാൻ ആരോപിച്ചിരുന്നു.അസഹ്യമായ കാലുവേദനയെ തുടർന്നാണ് അബ്ദുൾ ജബ്ബാർ പറവൂർ താലൂക്ക് ആശുപത്രിയിൽ എത്തുന്നത്. ജൂലൈ 26ന് രാത്രി 11.45നും വെളുപ്പിന് 3.30നുമാണ് അബ്ദുൽ ജബ്ബാർ ആശുപത്രിയിലെത്തിയത്. ആദ്യം വേദന മാറുന്നതിനുള്ള മരുന്ന് നൽകി വീട്ടിലേക്ക് വിട്ടു. വേദന മാറാത്തതിനെ തുടർന്ന് വീണ്ടും ആശുപത്രിയിൽ എത്തിയെങ്കിലും അപ്പോഴും വേദന സംഹാരി മാത്രമാണ് നൽകിയത്.പിന്നീട് ജൂലൈ 27ന് പറവൂർ താലൂക്ക് ആശുപത്രിയിലെ തന്നെ സർജനെ കാണുമ്പോഴാണ് ചലന ശേഷി നഷ്ടപ്പെട്ടെന്ന് ജബ്ബാർ അറിയുന്നത്. കോട്ടയം മെഡിക്കൽ കോളജിലേക്ക് മാറ്റുകയും കാലുകൾ മുറിച്ചു മാറ്റുകയുമായിരുന്നു. രണ്ടാമത് എത്തിയപ്പോൾ അബ്ദുൽ ജബ്ബാറിനെ കോട്ടയത്തേക്ക് റഫർ ചെയ്തിരുന്നുവെന്നാണ് ആശുപത്രി റിപ്പോർട്ട്.

അരിയിൽ ഷുക്കൂർ വധക്കേസ്: പ്രതിപ്പട്ടികയിൽ പി. ജയരാജനും ടി.വി. രാജേഷും, വ്യാഴാഴ്ച വിധി പറയും

കണ്ണൂർ: അരിയിൽ ഷുക്കൂർ വധക്കേസിൽ 19ന് ശിക്ഷാവിധിക്കും. സിപിഎം നേതാക്കളായ പി.ജയരാജൻ, ടി.വി. രാജേഷ് എന്നിവരടക്കം 31 പ്രതികളുടെ ശിക്ഷാവിധി കൊച്ചി സിബിഐ പ്രത്യേക കോടതിയാണ് പ്രഖ്യാപിക്കുക. കേസിലെ വിചാരണ നടപടികൾ പൂർത്തിയായതോടെയാണ് വിധിപ്രഖ്യാപനത്തിന് വഴിയൊരുങ്ങിയത്.2012 ഫെബ്രുവരി 12നാണ് കണ്ണൂർ തളിപ്പറമ്പിലെ ചുള്ളിയോട് വയലിൽ വെച്ചാണ് ഷുക്കൂർ കൊല്ലപ്പെട്ടത്. അന്നത്തെ സിപിഎം കണ്ണൂർ ജില്ലാ സെക്രട്ടറിയായിരുന്ന പി. ജയരാജൻറെയും ടി.വി. രാജേഷിൻറെയും വാഹനവ്യൂഹം തടഞ്ഞുനിർത്തി ആക്രമിച്ചെന്ന സംഭവത്തിന് പിന്നാലെയായിരുന്നു കൊലപാതകം. സംഭവത്തിൽ പ്രതികാരമായാണ് ഷുക്കൂറിനെ കൊലപ്പെടുത്തിയതെന്നാണ് കേസ്.ആക്രമണത്തിന് പിന്നാലെ ഷുക്കൂറിനെയും മറ്റ് മുസ്ലിം ലീഗ് പ്രവർത്തകരെയും സിപിഎം പ്രവർത്തകർ പിടിച്ചുവെച്ചെന്നും ഇവരുടെ ചിത്രങ്ങൾ മൊബൈൽ സന്ദേശങ്ങളിലൂടെ കൈമാറി തിരിച്ചറിഞ്ഞ ശേഷമാണ് കൊല നടത്തിയതെന്നുമാണ് സിബിഐയുടെ കണ്ടെത്തൽ. ഷുക്കൂറും സക്കറിയ അയ്യൂബും ആക്രമണത്തിന് ഇരയായി. സംഭവസ്ഥലത്തുവെച്ചുതന്നെ ഷുക്കൂർ കൊല്ലപ്പെട്ടു.കേസിൽ ആകെ 33 പ്രതികളാണുണ്ടായിരുന്നത്. രണ്ടുപേർ മരിച്ചതോടെ ബാക്കിയുള്ള 31 പേരാണ് വിചാരണ നേരിട്ടത്. തളിപ്പറമ്പിലെ ഡിവൈഎഫ്ഐ പ്രവർത്തകരായ കെ.വി. സുമേഷും പി.ഗണേശനുമാണ് ഒന്നും രണ്ടും പ്രതികൾ. സി.എൻ. മോഹനൻ പതിനൊന്നാം പ്രതിയാണ്. സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻറെ മകൻ ശ്യാംജിത്തും കേസിൽ പ്രതിയാണ്.കേസിലെ 32-ാം പ്രതിയാണ് പി. ജയരാജൻ. 33-ാം പ്രതി ടി.വി. രാജേഷും. ഇരുവർക്കുമെതിരെ ഗൂഢാലോചനാക്കുറ്റമാണ് ചുമത്തിയിട്ടുള്ളത്. പി. ജയരാജനെ തളിപ്പറമ്പ് സഹകരണ ആശുപത്രിയിൽ പ്രവേശിപ്പിച്ച സമയത്ത് അവിടെവെച്ചാണ് കൊലപാതകത്തിനുള്ള ഗൂഢാലോചന നടന്നതെന്നാണ് സിബിഐയുടെ കണ്ടെത്തൽ.



ഹഡിൽ ഗ്ലോബൽ 2026 – ൽ കേരളത്തിലെ നാല് സ്റ്റാർട്ടപ്പുകൾക്ക് ജിടെക് നിക്ഷേപകരുടെ പിന്തുണ ചെക്ക് മേറ്റ് പിച്ച് സെഷനിൽ താൽപര്യപത്രങ്ങൾ കൈമാറി

തിരുവനന്തപുരം: കേരളത്തിലെ നാല് സ്റ്റാർട്ടപ്പുകൾക്ക് ടെക്നോപാർക്ക് ആസ്ഥാനമായ സാങ്കേതിക കമ്പനികളുടെ കൂട്ടായ്മയായ ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസി (ജിടെക്) ൻറെ സാമ്പത്തികപിന്തുണ. കോവളത്ത് നടന്ന ഹഡിൽ ഗ്ലോബൽ 2026 ലെ നിക്ഷേപക പിച്ച് സെഷനിൽ ഇതിൻറെ താൽപര്യപത്രം കൈമാറി. ഏഷ്യയിലെ ഏറ്റവും വലിയ ബീച്ച്സൈഡ് സ്റ്റാർട്ടപ്പ് ഫെസ്റ്റിവലായ ഹഡിൽ ഗ്ലോബൽ 2026 വേദിയിൽ കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ചാണ് ജിടെക് 'ചെക്ക് മേറ്റ്' എന്ന പേരിൽ നിക്ഷേപക പിച്ച് സെഷൻ സംഘടിപ്പിച്ചത്.

കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബികയുടെ സാന്നിധ്യത്തിൽ ലീഡ് മെട്രിക്സ്, ക്ലൗഡ് പോസിറ്റീവ്, സീവ് (ഇസെഡ്.എസ്.എസ് ടെക്നോളജീസ്), സ്പേസ്ടൈം 4ഡി എന്നീ സ്റ്റാർട്ടപ്പുകൾക്കാണ് താൽപര്യപത്രങ്ങൾ നൽകിയത്. ജിടെക് അംഗങ്ങളായ കമ്പനികളെ സ്റ്റാർട്ടപ്പുകളുമായി ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സ്റ്റാർട്ടപ്പ് എക്സ്ചേഞ്ച് പദ്ധതിയുടെ ആദ്യ നേട്ടമാണിത്.

ജിടെക്കിൻറെ സ്റ്റാർട്ടപ്പ് എൻഗേജ്മെൻറ് ഫോക്കസ് ഗ്രൂപ്പ് ആണ് സ്റ്റാർട്ടപ്പ് എക്സ്ചേഞ്ച് പദ്ധതിക്ക് തുടക്കമിട്ടത്. മൂലധനം നൽകുന്നതിന് പുറമെ ഉപഭോക്താക്കളെ കണ്ടെത്തുക, പൈലറ്റ് പ്രോജക്റ്റുകൾക്ക് അവസരമൊരുക്കുക, ബിസിനസ് ബന്ധങ്ങൾ സ്ഥാപിക്കുക, മെൻററിംഗ് നൽകുക തുടങ്ങിയ മാർഗങ്ങളിലൂടെ അടുത്ത തലമുറ സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുകയാണ് ഇതിൻറെ ലക്ഷ്യം. നിക്ഷേപം നടത്താൻ താൽപര്യമുള്ള ജിടെക് അംഗങ്ങളായ കമ്പനികളെ ക്ഷണിച്ച്, ഒരു സ്റ്റാർട്ടപ്പിൽ എന്തൊക്കെയാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടായിരുന്നു പദ്ധതിയുടെ തുടക്കം.



കോവളത്ത് നടന്ന ഹഡിൽ ഗ്ലോബൽ 2026-ൽ സ്റ്റാർട്ടപ്പുകൾക്ക് ജിടെക് നൽകുന്ന സാമ്പത്തിക സഹായത്തിൻറെ താൽപര്യപത്രം കൈമാറുന്ന ചടങ്ങിൽ കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് അംബിക ജിടെക് പ്രതിനിധികൾ, സ്റ്റാർട്ടപ്പ് സ്ഥാപകർ എന്നിവർക്കൊപ്പം.

ചെക്ക് മേറ്റ് പദ്ധതിക്കായി 50-ലധികം സ്റ്റാർട്ടപ്പുകൾ അപേക്ഷിച്ചിരുന്നു. ഇവയിൽ നിന്ന് പ്രവർത്തനമേഖല, വളർച്ച, നിലവിലെ പ്രവർത്തനം, ബിസിനസ് മോഡൽ, ജിടെക് കമ്പനികളുടെ പ്രവർത്തന മേഖലയുമായുള്ള പൊരുത്തം എന്നിവയുടെ അടിസ്ഥാനത്തിൽ 10 സ്റ്റാർട്ടപ്പുകളെ ഷോർട്ട്ലിസ്റ്റ് ചെയ്തു. തിരഞ്ഞെടുക്കപ്പെട്ട ഈ സ്റ്റാർട്ടപ്പുകൾ ജിടെക് നിക്ഷേപകരുടെ പാനലിന് മുന്നിൽ ആശയങ്ങൾ അവതരിപ്പിച്ചു. ഓരോ അവതരണത്തിന് ശേഷവും നിക്ഷേപകർ വിലയിരുത്തലുകൾ രേഖപ്പെടുത്തുകയും നിക്ഷേപം നടത്താൻ സാധ്യതയുണ്ടോ എന്നും എത്ര തുക നിക്ഷേപിക്കാൻ തയ്യാറാണെന്നും വ്യക്തമാക്കുകയും ചെയ്തു. ഇതിൽ നാല് സ്റ്റാർട്ടപ്പുകൾ ഒന്നിലധികം നിക്ഷേപകരുടെ ശ്രദ്ധ ആകർഷിക്കുകയും, പരിപാടിക്കിടയിൽ തന്നെ അവയ്ക്ക് താൽപ്പര്യപത്രങ്ങൾ ലഭിക്കുകയും ചെയ്തു.

സംസ്ഥാനത്തെ സാങ്കേതിക കമ്പനികൾ ഈ ആവാസവ്യവസ്ഥയോടൊപ്പം വളർന്നുവന്നവയാണെന്നും ഇപ്പോൾ അതിലേക്ക് തിരിച്ചുനിക്ഷേപിക്കേണ്ട സമയമാണെന്നും ജിടെക് ചെയർമാൻ ജിജോ ജോൺ പറഞ്ഞു. നിക്ഷേപകർ എന്നതിലുപരി ഉപഭോക്താക്കളായും പങ്കാളികളായും ഉപദേഷ്ടാക്കളായും ഒത്തുചേരുമ്പോൾ ജിടെക്കിന് എന്ത് ചെയ്യാൻ കഴിയുമെന്ന് ചെക്ക് മേറ്റ് സംരംഭം തെളിയിക്കുന്നു. ജിടെക്കിൽ നിന്ന് വരാനിരിക്കുന്ന നിരവധി സംരംഭങ്ങളിൽ ആദ്യത്തേതാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വെറും രണ്ട് ദിവസത്തിനുള്ളിൽ 50-ലധികം സ്റ്റാർട്ടപ്പുകളാണ് അപേക്ഷിച്ചതെന്നും ബിസിനസ് മനസ്സിലാക്കുന്നതും വളർച്ചയ്ക്ക് സഹായിക്കുന്നതുമായ നിക്ഷേപകരെയാണ് സംരംഭകർ തേടുന്നതെന്ന് ഇത് വ്യക്തമാക്കുന്നുവെന്നും ജിടെക് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവും സ്റ്റാർട്ടപ്പ് എൻഗേജ്മെൻറ് ഫോക്കസ് ഗ്രൂപ്പ് ലീഡുമായ ഹരീഷ് മോഹൻ പറഞ്ഞു. ആശയങ്ങൾ അവതരിപ്പിച്ച എല്ലാ സ്റ്റാർട്ടപ്പുകൾക്കും പിന്തുണ നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി.

ഇന്ത്യ, യുഎസ്, യുഎഇ എന്നിവിടങ്ങളിൽ ഉപഭോക്താക്കളുള്ള ലീഡ്മെട്രിക്സ് ചെറുകിട-ഇടത്തരം ബിസിനസ്സുകൾക്കായി ഡിജിറ്റൽ മാർക്കറ്റിംഗ് കൈകാര്യം ചെയ്യുന്ന എഐ സോഫ്റ്റ്വെയറുകൾ വികസിപ്പിക്കുന്നു. കമ്പനികളുടെ പബ്ലിക് ക്ലൗഡ് ചെലവുകൾ കുറയ്ക്കാനും നിയന്ത്രിക്കാനും സഹായിക്കുന്ന ഓട്ടോമേറ്റഡ് പ്ലാറ്റ്ഫോമാണ് ക്ലൗഡ് പോസിറ്റീവ് നൽകുന്നത്. എഫ്എംസിജി റീട്ടെയിൽ ശൃംഖലകൾക്കായി ബില്ലിംഗ്, അക്കൗണ്ടുകൾ, എഐ അധിഷ്ഠിത സ്റ്റോക്ക് മാനേജ്മെൻറ് എന്നിവ ഉൾപ്പെടുന്ന ഓപ്പറേറ്റിംഗ് പ്ലാറ്റ്ഫോം സീവ് (ഇസെഡ്.എസ്.എസ് ടെക്നോളജീസ്) ഒരുക്കുന്നു. സ്പേസ്ടൈം 4ഡി മെഡിക്കൽ ഉപകരണങ്ങൾക്കും അത്യാധുനിക നിർമ്മാണ മേഖലയ്ക്കുമായി ഉയർന്ന താപനിലയിൽ പ്രവർത്തിക്കുന്ന 3ഡി പ്രിൻററുകൾ നിർമ്മിക്കുന്നു. സ്പേസ്ടൈമിൻറെ ആകാശ 300 പ്രിൻറർ ഐസ് ആർഒയുടെ ലികിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെൻററിന് കൈമാറിയിട്ടുണ്ട്.

ചെക്ക് മേറ്റിനെ സ്റ്റാർട്ടപ്പ് എക്സ്ചേഞ്ചിൻറെ സ്ഥിരം സംവിധാനമാക്കാനും നിക്ഷേപം നടത്തുന്ന കമ്പനികളുടെ എണ്ണം വർദ്ധിപ്പിക്കാനും ജിടെക് പദ്ധതിയിടുന്നു. നിക്ഷേപം നടത്താൻ താൽപ്പര്യമുള്ള ജിടെക് കമ്പനികൾക്കും നിക്ഷേപം, വിപണി പ്രവേശനം, മോണിറ്ററിംഗ് എന്നിവ തേടുന്ന സ്റ്റാർട്ടപ്പുകൾക്കും കൂടുതൽ വിവരങ്ങൾക്കായി ജ്യോതിലാൽ (jyothilal@gtech.org.in) സന്ദർശിക്കാവുന്നതാണ്.

വയോധികയുടെ മൃതദേഹം കത്തിക്കരിഞ്ഞ നിലയിൽ

പേരൂർക്കട: വയോധികയുടെ മൃതദേഹം വീടിനുസമീപത്തെ പറമ്പിൽ കത്തിക്കരിഞ്ഞ നിലയിൽ കണ്ടെത്തി. വട്ടിയൂർക്കാവ് വാഴോട്ടുകോണം കോണ്ടിനൻറൽ ഗാർഡൻസ് ഹൗസ് നമ്പർ 44 മയൂരം വീട്ടിൽ സരസ്വതി (90) ആണ് മരിച്ചത്. ഇന്നലെ ഉച്ചയ്ക്ക് 12നും വൈകുന്നേരം മൂന്നിനും ഇടയിലാണ് സംഭവമെന്നു കരുതുന്നതായി പൊലിസ് അറിയിച്ചു.വീട്ടിൽ സരസ്വതിക്കൊപ്പം മകൾ ചന്ദ്രികയും മരുമകൻ ശ്രീകണ്ഠൻ നായരുമാണ് താമസിച്ചുവരുന്നത്. രാവിലെ ഇവർ കുടുംബവീടായ ചെറിയകൊണ്ണിയിലേക്കു പോയിരുന്നു. മടങ്ങിയെത്തിയപ്പോഴാണ് പറമ്പിൽ കത്തിക്കരിഞ്ഞ നിലയിൽ സരസ്വതിയുടെ മൃതദേഹം കണ്ടെത്തുന്നത്.മൃതദേഹം കത്തിക്കരിഞ്ഞുകിടന്നതിനു സമീപത്തുനിന്ന് മണ്ണെണ്ണക്കുപ്പി പൊലിസ് കണ്ടെത്തി. ആത്മഹത്യയെന്നാണു പ്രാഥമിക നിഗമനമെന്നു പൊലിസ് അറിയിച്ചു. മൃതദേഹം തിരുവനന്തപുരം മെഡിക്കൽകോളജ് മോർച്ചറിയിലേക്കു മാറ്റി. വട്ടിയൂർക്കാവ് പൊലിസ് കേസെടുത്തു.

പുറപ്പെട്ടയുടൻ എൻജിൻ തകരാർ; കേരള എക്സ്പ്രസ് ട്രാക്കിൽ കുടുങ്ങി

പേരൂർക്കട: തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽനിന്ന് പുറപ്പെട്ട കേരള എക്സ്പ്രസ് എൻജിൻ തകരാറിനെ തുടർന്ന് ഒന്നര മണിക്കൂറോളം ട്രാക്കിൽ കുടുങ്ങി.ഇന്നലെ ഉച്ചയോടെയായിരുന്നു സംഭവം. എൻജിൻ നിലച്ച തോടെ യാത്രക്കാർ ഏറെ നേരം ട്രാക്കിൽ കുടുങ്ങി. ഉച്ചയ്ക്ക് 12.15-ന് തിരുവനന്തപുരം സെൻട്രലിൽനിന്നു പുറപ്പെടേണ്ടിയിരുന്ന കേരള എക്സ്പ്രസാണു ട്രാക്കിൽ കുടുങ്ങിയത്. സ്റ്റേഷനിൽനിന്ന് ഏതാനും മീറ്ററുകൾ നീങ്ങിയപ്പോൾ തന്നെ എൻജിൻ തകരാർ ശ്രദ്ധയിൽപ്പെടുകയായിരുന്നു.ഒന്നര മണിക്കൂറോളം ട്രെയിൻ അവിടെ കിടന്നു. പിന്നീട് മറ്റൊരു എൻജിൻ എത്തിച്ചാണ് ട്രെയിനിനെ തിരികെ മറ്റൊരു പ്ലാറ്റ്ഫോമിലൂടെ സെൻട്രൽ റെയിൽവേ സ്റ്റേഷനിലെ പ്രധാന ഭാഗത്ത് എത്തിച്ചത്. ആ സമയം കന്യാകുമാരി എക്സ്പ്രസ് സ്റ്റേഷനിൽ നിർത്തിയിട്ടിരിക്കുകയായിരുന്നു. ഈ ട്രെയിനിൻറെ പിന്നിലേക്ക് നീക്കിയ ശേഷമാണു കേരള എക്സ്പ്രസിന് ആദ്യംനിന്ന പ്ലാറ്റ് ഫോമിലേക്ക് എത്തിച്ചത്. എൻജിനിലെ സാങ്കേതിക പ്രശ്നം ഉടൻ പരിഹരിക്കാൻ സാധിക്കാത്തതുകൊണ്ട് രണ്ടുമണിയായിട്ടും യാത്ര തുടരാനായില്ല.കേരള എക്സ്പ്രസ് ട്രാക്കിൽ കുടുങ്ങിയതിനാൽ തിരുവനന്തപുരത്തേക്കു വരേണ്ടതും പോകേണ്ടതുമായ മിക്ക ട്രെയിനുകളുടെയും സമയക്രമത്തെ പ്രതികൂലമായി ബാധിച്ചു. ചില ട്രെയിനുകൾ ഏറെനേരം ഔട്ടറിൽ നിർത്തിയിടുകയും ചെയ്തു.തിരുവനന്തപുരം സ്റ്റേഷനിൽനിന്നു വൈകി യാത്ര തിരിച്ച ട്രെയിൻ ശനിയാഴ്ച രാത്രി 7.30 ഓടുകൂടി മൂന്നര മണിക്കൂർ വൈകിയാണ് എറണാകുളം സ്റ്റേഷനിൽ എത്തിച്ചേർന്നത്.

നിയമസഭാ പരിസ്ഥിതി സമിതി സന്ദർശനം

കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി കോട്ടയം ജില്ലയിലെ എരുമേലി വലിയതോടിൻറെ നിലവിലുള്ള പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ നേരിൽ കണ്ട് വിലയിരുത്തുന്നതിനായി നവംബർ 18 രാവിലെ 10 ന് എരുമേലി വലിയതോട് സന്ദർശിക്കും. തുടർന്ന് എരുമേലി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ യോഗം ചേരും. അന്നേദിവസം വൈകുന്നേരം ശബരിമല സന്നിധാനവും പരിസരപ്രദേശങ്ങളും സന്ദർശിക്കും. നവംബർ 19 രാവിലെ 10 ന് പമ്പ ദേവസ്വം ഗസ്റ്റ് ഹൗസിലെ കോൺഫറൻസ് ഹാളിൽ അവലോകന യോഗം ചേരും.

ഓംബുഡ്സ്മാൻ സ്ഥാനമേൽക്കും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാനായി ജസ്റ്റിസ് (റിട്ട.) സി പ്രദീപ് കുമാർ നവംബർ 17 വൈകിട്ട് 4.30 ന് ലോക്ഭവൻ ഓഡിറ്റോറിയത്തിൽ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനം ഏറ്റെടുക്കും. ശേഷം പാളയം സാഫല്യം കോംപ്ലക്സിൻറെ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിൽ ചുമതല ഏറ്റെടുക്കൽ ചടങ്ങ് നടക്കും.

വാഗ്മി പ്രസംഗമത്സരം

ഭരണഘടനാ ദിനാഘോഷത്തിൻറെ ഭാഗമായി നിയമവകുപ്പ് സംസ്ഥാനത്തെ പ്രൊഫഷണൽ കോളജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ, എയ്ഡഡ് കോളജുകളിലെയും വിദ്യാർഥികൾക്കായി ഭരണഘടനയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആസ്പദമാക്കി സംഘടിപ്പിക്കുന്ന അഖിലകേരള പ്രസംഗമത്സരം 'വാഗ്മി 2026'ൻറെ ഫൈനൽ മത്സരം നവംബർ 19-ന് ഗവ. സെക്രട്ടേറിയറ്റിലെ അനക്സ് കക ലെ ശ്രുതി ഹാളിൽ നടത്തും. പരിപാടിയുടെ ഉദ്ഘാടനം രാവിലെ 10.30-ന് നിയമ സെക്രട്ടറി നിർവഹിക്കും.

ബി.എസ്.സി. നഴ്സിംഗ് , ബി.ഫാം. അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

കണ്ണൂർ പറശ്ശിനിക്കടവ് എം.വി.ആർ ആയുർവേദ മെഡിക്കൽ കോളജിൽ കേരള ആരോഗ്യസർവകലാശാല (കെയുഎച്ച്എസ്) അംഗീകരിച്ച 2026-27 വർഷത്തെ ബി.എസ്.സി. നഴ്സിംഗ് (ആയുർവേദം), ബി.ഫാം (ആയുർവേദം) കോഴ്സ് പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെൻറ് www.lbscentre.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെൻറ് ലഭിച്ചവർ വെബ്സൈറ്റിൽ നിന്നും പ്രിൻറ് എടുത്ത അലോട്ട്മെൻറ് മെമ്മോ സഹിതം നവംബർ 20 നകം നേരിട്ട് ഹാജരായി പ്രവേശനം നേടണം. വിവരങ്ങൾക്ക്: 0471-2560361, 362, 363, 364. മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത്: സ്പെഷ്യൽ അലോട്ട്മെൻറ്

ടെൻഡർ

സംസ്ഥാന സ്പോർട്സ് കൗൺസിലിൻറെ അധീനതയിലുള്ള ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ ടർഫും സിന്തറ്റിക് ട്രാക്കിൻറെ ഫെൻസിംഗിനു ചുറ്റുമുള്ള സ്ഥലങ്ങളിലെ പാഴ് പുല്ലുകൾ നീക്കം ചെയ്യുന്ന പ്രവൃത്തിക്ക് അംഗീകൃത കമ്പനി/തൊഴിലാളികളിൽ നിന്ന് ടെൻഡർ ക്ഷണിച്ചു. അവസാന തീയതി നവംബർ 21 വൈകിട്ട് മൂന്ന്. ഫോൺ: 0471-2330167, 2331546. വെബ് സൈറ്റ്: sportscouncil.kerala.gov.in.

ലീഗൽ സർവീസസ് അതോറിറ്റിയിൽ ഒഴിവ്

തിരുവനന്തപുരം ജില്ല ലീഗൽ സർവീസസ് അതോറിറ്റിയിൽ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ താത്കാലിക നിയമനം നടത്തുന്നു. ഏഴാം ക്ലാസ് പഠനവും എൽഎംവി/എച്ച്എംവി ഡ്രൈവിംഗ് ലൈസൻസുമാണ് യോഗ്യത. ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന രേഖകൾക്കുമൊപ്പം കാഴ്ചശക്തിയും കേൾവിശക്തിയും തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കണം. സെക്രട്ടറി, ജില്ലാ ലീഗൽ സർവീസ് അതോറിറ്റി, എഡിആർ സെൻറർ, ജില്ലാ കോടതി സമുച്ചയം, വഞ്ചിയൂർ വിലാസത്തിൽ അപേക്ഷ നവംബർ 23 വൈകിട്ട് അഞ്ചിനകം സമർപ്പിക്കണം .

മെഡിക്കൽ ഓഫീസർ ഒഴിവ്

കണ്ണൂർ ജില്ലയിലെ ഒരു സംസ്ഥാന സർക്കാർ സ്ഥാപനത്തിൽ മുന്നാക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഉദ്യോഗാർഥികൾക്ക് (ഇ.ഡബ്ല്യു.എസ്.) സംവരണം ചെയ്ത മെഡിക്കൽ ഓഫീസർ (കൌമാരഭൃത്യം) തസ്തികയിൽ ഒരു താത്കാലിക ഒഴിവുണ്ട്. ആയുർവേദ വിഭാഗത്തിൽ കൌമാരഭൃത്യം വിഷയത്തിൽ ബിരുദാനന്തര ബിരുദമുള്ള ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം. പ്രായപരിധി 01/01/2026 ന് 22 നും 46 നും മധ്യേ. ഉദ്യോഗാർഥികൾ നവംബർ 23 നകം ബന്ധപ്പെട്ട പ്രൊഫഷണൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ ഹാജരായി പേര് രജിസ്റ്റർ ചെയ്യണം. ഈ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ അഭാവത്തിൽ ഓപ്പൺ വിഭാഗക്കാരെയും പരിഗണിക്കും. നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട മേധാവിയിൽ നിന്നുള്ള എൻ.ഒ.സി. ഹാജരാക്കണം.

സമുന്നതി ഇ-യാത്ര പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു

കേരളത്തിലെ മുന്നാക്ക (സംവരണേതര) സമുദായങ്ങളിൽപ്പെടുന്നവരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ ഉൾപ്പെടുന്നവരുമായ സ്ത്രീകളുടെ തൊഴിലിനും വരുമാനത്തിനും മുൻതൂക്കം നൽകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ, സമുന്നതി ഇ-യാത്ര പദ്ധതിയുടെ കീഴിൽ ഇലക്ട്രിക് ഓട്ടോ വാങ്ങുന്നതിന് മൂലധനസബ്സിഡി അനുവദിക്കുന്ന പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഡിസംബർ 15 വരെ സ്വീകരിക്കും. അപേക്ഷാഫോമും വിശദവിവരങ്ങളും www.kswcfc.org യിൽ ലഭ്യമാണ്.

പ്രോജക്ട് അസോസിയേറ്റ് ഒഴിവ്

കേരള വനഗവേഷണ സ്ഥാപനത്തിൽ 2028 മേയ് വരെ കാലാവധിയുള്ള സമയബന്ധിത ഗവേഷണ പദ്ധതിയായ "സയൻസ്, ടെക്നോളജി ആൻഡ് ഇന്നൊവേഷൻ ഹബ് ഇൻ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ ലൈവിലിഹുഡ് ഇംപ്രൂവ്മെൻറ് ഓഫ് ദ പർട്ടിക്കുലർലി വൾനറബിൾ ട്രൈബൽ ഗ്രൂപ്പ്സ് ഇൻ തൃശൂർ ആൻഡ് മലപ്പുറം ഡിസ്ട്രിക്ട്സ്, കേരള സ്റ്റേറ്റ്" ൽ പ്രോജക്ട് അസോസിയേറ്റിൻറെ (രണ്ട്) താത്കാലിക ഒഴിവിലേക്ക് നിയമിക്കുന്നതിന് നവംബർ 24-ന് രാവിലെ 10 ന് കേരള വനഗവേഷണ സ്ഥാപനത്തിൻറെ തൃശൂർ പീച്ചിയിലുള്ള ഓഫീസിൽ അഭിമുഖം നടത്തുന്നു. വിവരങ്ങൾക്ക്: www.kfri.res.in.

ആരോപണ വിധേയന് മുൻകൂർ ജാമ്യം ലഭിച്ചതായി പൊലിസ്

കോവളം: എറണാകുളം സ്വദേശിനിയായ യുവതിയെ കോവളത്തെ ഹോംസ്റ്റേയിൽ പീഡനത്തിനിരയാക്കി, പണം തട്ടിയപരാതിയിൽ ആരോപണ വിധേയനു ഹൈക്കോടതി മുൻകൂർ ജാമ്യം അനുവദിച്ചതായി പൊലിസ് അറിയിച്ചു.

സ്ത്രീകളെ കബളിപ്പിച്ച് ലക്ഷങ്ങൾ തട്ടിയതായി മറ്റു സ്റ്റേഷനുകളിലും ഇയാൾക്കെതിരെ കേസുണ്ട്. മൊഴിയെടുക്കലിനും തെളിവെടുപ്പിനും ശേഷം മേൽ നടപടിയുണ്ടാകും.

നിലവിൽ വിദേശത്ത് നഴ്സായ 33 കാരിയാണ് ഗുരുതര ആരോപണങ്ങളുമായി പൊലിസിനെ സമീപിച്ചത്. ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ നടന്ന സംഭവത്തിൽ തിരുവനന്തപുരം പാറശാല സ്വദേശിയായ ശ്രീജുവിനെതിരെ (27) കോവളം പോലീസ് കഴിഞ്ഞ മാസം കേസെടുത്തിരുന്നു. ശ്രീജുവിനും മാതാപിതാക്കൾക്കും പ്രതിയെന്ന് ആരോപിക്കപ്പെടുന്ന ഒരാൾക്കുമാണു കഴിഞ്ഞ ദിവസം ഹൈക്കോടതി ജാമ്യം നൽകിയത്.

വിദേശത്ത് ജോലി ചെയ്യുന്ന യുവതി, ഇൻസ്റ്റഗ്രാം വഴി ആലപ്പുഴ സ്വദേശിയായ ഒരു ട്രാവൽസ് ഉടമയുമായി സൗഹൃദത്തിലായിരുന്നതായും ഇയാൾ വഴിയാണ് പാറശാല സ്വദേശിയായ ശ്രീജുവിനെ പരിചയപ്പെട്ടതെന്നും യുവതി പരാതിയിൽ പറഞ്ഞിരുന്നു. പരിചയത്തിൻറെ പേരിൽ ഇവർ തമ്മിൽ സാമ്പത്തിക ഇടപാടുകളും നടത്തിയിരുന്നു. ഫെബ്രുവരിയിൽ നാട്ടിലേക്കുപോകാൻ തിരുവനന്തപുരത്തു വിമാനമിറങ്ങിയ യുവതിയെ ശ്രീജു കോവളത്തെ ഒരു ഹോംസ്റ്റേയിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെവച്ച് പീഡനത്തിനിരയാക്കി ചിത്രങ്ങൾ ഫോണിൽ പകർത്തിയ ശേഷം ഭീഷണിപ്പെടുത്തി പല തവണയായി 25 ലക്ഷത്തോളം രൂപ തട്ടിയെടുക്കുകയായിരുന്നു.ഒക്ടോബർ 12-നാണ് കോവളം പൊലിസ് ഔദ്യോഗികമായി കേസ് രജിസ്റ്റർ ചെയ്തത്. എട്ട് മാസങ്ങൾക്കുശേഷം ലഭിച്ച പരാതിയിൽ വിശദമായ അന്വേഷണം നടത്തിവരുന്നതിനിടയിലാണ് പ്രതിക്ക് മുൻകൂർ ജാമ്യം ലഭിച്ചത്. പണം തട്ടിയതുമായി ബന്ധപ്പെട്ട് ഇരുവരുടെയും ബാങ്ക് അക്കൗണ്ടുകൾ പരിശോധിക്കുന്നതിനുള്ള നടപടിയും പോലീസ് ആരംഭിച്ചു. എന്നാൽ പ്രതിയെന്ന് പറയുന്ന ശ്രീജു സമാനമായ രീതിയിൽ വേറെയും തട്ടിപ്പ് നടത്തിയെന്നാണ് പോലീസിൻറെ വിലയിരുത്തൽ.

നെടുമ്പാശേരി മിനികൂപ്പർ അപകടം; സുഹൈൽ സജീവ് ജാമ്യത്തിലിറങ്ങി

കൊച്ചി: നെടുമ്പാശേരി മിനികൂപ്പർ അപകടക്കേസിലെ ഒന്നാം പ്രതി സുഹൈൽ സജീവ് ജാമ്യത്തിലിറങ്ങി. ഹൈക്കോടതി ഉത്തരവിനെ തുടർന്നാണ് കാക്കനാട് ജില്ലാ ജയിലിനോട് ചേർന്നുള്ള ബോസ്റ്റൽ സ്കൂളിൽ നിന്ന് സജീവ് പുറത്തിറങ്ങിയത്. കേസിൽ സുഹൈലിനൊപ്പം അറസ്റ്റിലായ മറ്റ് പ്രതികളായ ജോയൽ എസ്. ആൻറോ, നിനവ്, അമീൻഷാ എന്നിവർക്ക് നേരത്തെ ജാമ്യം ലഭിച്ചിരുന്നു.എന്നാൽ ഒന്നാം പ്രതിയായ സുഹൈലിനെ പത്ത് ദിവസത്തിന് ശേഷം മാത്രമേ മോചിപ്പിക്കാവൂ എന്ന വ്യവസ്ഥയോടെയാണ് കഴിഞ്ഞ ആറിന് മറ്റ് മൂന്ന് പ്രതികൾക്ക് ഹൈക്കോടതി ജാമ്യം അനുവദിച്ചത്. ഇതിൻറെ അടിസ്ഥാനത്തിലാണ് സുഹൈലിൻറെ മോചനം. ഒക്ടോബർ 11നായിരുന്നു നാടിനെ നടുക്കിയ അപകടമുണ്ടായത്. നെടുമ്പാശേരി എയർപോർട്ട് റോഡിൽ സുവർണോദ്യാനത്തിന് സമീപം സുഹൈൽ ഓടിച്ചിരുന്ന ആഡംബര കാർ സ്കൂട്ടറിൽ ഇടിക്കുകയായിരുന്നു.അപകടത്തിൽ സ്കൂട്ടർ യാത്രക്കാരായ കർണാടക സുള്ള്യ സ്വദേശി ഇയാസ്, വയനാട് സ്വദേശിനി ദേവിക, പാലക്കാട് മണ്ണാർക്കാട് സ്വദേശിനി ഗോപിക എന്നിവർ മരിച്ചിരുന്നു. അപകടദിവസം സുഹൈൽ നാല് ബാറുകളിൽ കയറിയതായി അന്വേഷണസംഘം കണ്ടെത്തിയിരുന്നു. പരിശോധനയിൽ സുഹൈലിൻറെ ശരീരത്തിൽ അനുവദനീയമായ അളവിൻറെ അഞ്ചിരട്ടി മദ്യം ഉണ്ടായിരുന്നതായും കണ്ടെത്തിയിരുന്നു.

മീൻപിടിക്കാൻ പോയ മൂന്ന് കുട്ടികൾ കുളത്തിൽ മരിച്ച നിലയിൽ

ചെന്നൈ: തമിഴ്നാട് കള്ളക്കുറിച്ചി ജില്ലയിലെ ചിന്നസാലത്തിനടുത്ത് തൊട്ടപ്പാടിയിൽ മൂന്ന് ആൺകുട്ടികളെ കുളത്തിൽ മരിച്ച നിലയിൽ കണ്ടെത്തി. രണ്ട് സഹോദരങ്ങളും ഇവരുടെ സുഹൃത്തുമാണ് മരിച്ചത്. ഞായറാഴ്ച ഉച്ചയ്ക്ക് മീൻ പിടിക്കാൻ പോയ കുട്ടികളെയാണ് തിങ്കളാഴ്ച രാവിലെ മരിച്ച നിലയിൽ കണ്ടെത്തിയത്.ഇമ്മാനുവൽ (11), സാം എബ്രഹാം (ഒമ്പത്), രാജ (14) എന്നിവരാണ് മരിച്ചത്. ഇതിൽ ഇമ്മാനുവലും സാം എബ്രഹാമും സഹോദരങ്ങളാണ്. രാജ ഇവരുടെ സുഹൃത്താണ്. ഞായറാഴ്ച ഉച്ചയോടെ മൂന്ന് പേരും ചേർന്ന് പ്രദേശത്തെ ഒരു കുളത്തിലേക്ക് മീൻപിടിക്കാൻ പോയതായിരുന്നു. എന്നാൽ ഏറെ വൈകിയും കുട്ടികൾ തിരിച്ചെത്താത്തതിനെ തുടർന്ന് മാതാപിതാക്കൾ അന്വേഷണം ആരംഭിച്ചു.

ഞായറാഴ്ച വൈകുന്നേരത്തോടെ പൊലിസിൽ പരാതി നൽകിയതിനെ തുടർന്ന് പൊലിസ് തെരച്ചിൽ ഊർജിതമാക്കിയിരുന്നു. തുടർന്ന് തിങ്കളാഴ്ച രാവിലെയാണ് കുട്ടികളുടെ മ

ഗൊയ്ഥെ-സെൻട്രം ദ്വിദിന ജർമ്മൻ അധ്യാപക സമ്മേളനം സംഘടിപ്പിക്കുന്നു

ഡിസംബർ 12, 13 തീയതികളിൽ കോഴിക്കോട്കേരളത്തിലെ ജർമ്മൻ അധ്യാപകരുടെ കൂട്ടായ്മയ്ക്ക് തുടക്കമാകും ഇപ്പോൾ രജിസ്റ്റർ ചെയ്യാം

തിരുവനന്തപുരം: കേരളത്തിലെ ജർമ്മൻ ഭാഷാ പഠനരംഗത്തെ അധ്യാപകരെ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനത്തെ ഔദ്യോഗിക ജർമ്മൻ ഭാഷാ-സാംസ്കാരിക കേന്ദ്രമായ ഗൊയ്ഥെ-സെൻട്രം ഡിസംബർ 12, 13 തീയതികളിൽ കോഴിക്കോട് ജർമ്മൻ ഭാഷാധ്യാപക സമ്മേളനം സംഘടിപ്പിക്കുന്നു. ജർമ്മനിയിലെ ഉപരിപഠന-തൊഴിൽ അവസരങ്ങൾ ലക്ഷ്യമിട്ട് കേരളത്തിൽ ജർമ്മൻ ഭാഷാ പഠനത്തിന് വലിയ സ്വീകാര്യത ലഭിക്കുന്ന സാഹചര്യത്തിലാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.സംസ്ഥാനത്തെ സ്വകാര്യ സ്കൂളുകളടക്കമുള്ള ജർമ്മൻ ഭാഷാ പഠനകേന്ദ്രങ്ങളിലെ അധ്യാപകർക്ക് കോഴിക്കോട് ഗൊയ്ഥെ-സെൻട്രത്തിൽ നടക്കുന്ന പരിപാടിയിൽ പങ്കെടുക്കാം. കേരളത്തിലെ ജർമ്മൻ അധ്യാപകർക്കിടയിൽ സഹകരണം, ആശയവിനിമയം, തുടർച്ചയായ പ്രൊഫഷണൽ വികസനം എന്നിവ പ്രോത്സാഹിപ്പിക്കാൻ സമ്മേളനം ലക്ഷ്യമിടുന്നു.

കേരളത്തിലെ ജർമ്മൻ ഭാഷാ വിദ്യാഭ്യാസത്തിൻറെ വളർച്ചയിൽ അധ്യാപകരും സ്കൂളുകളും നിർണായക പങ്കാണ് വഹിക്കുന്നതെന്ന് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ഗൊയ്ഥെ-സെൻട്രം ഡയറക്ടറും ജർമ്മൻ ഓണററി കോൺസലുമായ ഡോ. സയ്യിദ് ഇബ്രാഹിം പറഞ്ഞു.

കേരളത്തിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള ജർമ്മൻ അധ്യാപകരുടെ സ്വതന്ത്ര ശൃംഖലയായി വിഭാവനം ചെയ്തിരിക്കുന്ന 'കേ ഡാഫി' ൻറെ രൂപീകരണ യോഗവും സമ്മേളനത്തിൽ നടക്കും. അധ്യാപകർ തമ്മിലുള്ള ആശയവിനിമയം, തുടർച്ചയായ പ്രൊഫഷണൽ വികസനം എന്നിവയിലെ ശില്പശാലകൾ സമ്മേളനത്തിനെ ആകർഷകമാക്കും. 'ഒരുമിച്ച് പഠിപ്പിക്കുക, പരസ്പരം പഠിക്കുക, കേരളത്തിൽ ജർമ്മൻ ഭാഷാ വിദ്യാഭ്യാസം ശക്തിപ്പെടുത്തുക' എന്ന ആപ്തവാക്യത്തോടെ പ്രവർത്തിക്കുന്ന കേ ഡാഫ് കൂട്ടായ്മയ്ക്ക് ഗൊയ്ഥെ-സെൻട്രം അക്കാദമിക് പിന്തുണ നൽകും. സമ്മേളനത്തിലേക്കുള്ള പ്രവേശനവും താമസവും ഭക്ഷണവും സൗജന്യമാണ്. രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമാണ് പ്രവേശനം.താൽപ്പര്യമുള്ള അധ്യാപകർ വഴേ:://സലറമള.ൃശ്മിറൗാ.ഴല്യാമി.ശി/ല്ലിഴേ/ എന്ന വെബ്സൈറ്റ് വഴി മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. ഒരു ഭാഷാ സ്കൂളിന് രണ്ട് അധ്യാപകരെ നാമനിർദ്ദേശം ചെയ്യാനാകും. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഗൊയ്ഥെ-സെൻട്രം ക്ഷണക്കത്ത് അയക്കും.കൂടുതൽ വിവരങ്ങൾക്ക: ke-daf@goethe-zentrum.org



ഇന്ത്യ ഇൻറർനാഷണൽ ട്രേഡ് ഫെയറിലെ ഹെൽത്ത് പവലിയനിൽ ഒരുക്കിയ എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡിൻറെ സ്റ്റാൾ കേന്ദ്ര ആരോഗ്യ സെക്രട്ടറി പുണ്യ സലില ശ്രീവാസ്തവ ഉദ്ഘാടനം ചെയ്യുന്നു. നീതി ആയോഗ് അംഗം ഡോ. എം. ശ്രീനിവാസ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് റിസർച്ച് സെക്രട്ടറിയും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് ഡയറക്ടർ ജനറലുമായ ഡോ. രാജീവ് ബഹൽ, നാഷണൽ ഹെൽത്ത് അതോറിറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സുനിൽ കുമാർ ബർൺവാൾ, മന്ത്രാലയത്തിലെ മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ സമീപം.

പെറു സന്ദർശനത്തിനിടെ ഹെലികോപ്റ്റർ കോക്പിറ്റിൽ യാത്ര ചെയ്ത് മാർപാപ്പ

ലിമ: പെറുവിയൻ വ്യോമസേനയുടെ എംഐ-17 ഹെലികോപ്റ്ററിൻറെ കോക്പിറ്റിൽ പൈലറ്റുമാർക്കൊപ്പം യാത്ര ചെയ്ത് ലെയോ പതിനാലാമൻ മാർപാപ്പ. ശനിയാഴ്ച ചിക്ലായോയിൽനിന്നു കാജമാർക്ക മേഖലയിലെ വിദൂരഗ്രാമമായ സാന്താ ക്രൂസ് ഡി സുച്ചബാംബയിലേക്കായിരുന്നു അദ്ദേഹത്തിൻറെ ഈ ആകാശയാത്ര.

സാധാരണ യാത്രക്കാരുടെ സീറ്റിനു പകരം കോക്പിറ്റിൽ ഇരിക്കാൻ മാർപാപ്പ താത്പര്യം പ്രകടിപ്പിക്കുകയായിരുന്നു. പൈലറ്റുമാരായ ജിനോ ബർഗോസ്, ഹാവിയർ റോജാസ് എന്നിവർക്കൊപ്പം ഏകദേശം 45 മിനിറ്റോളം അദ്ദേഹം കോക്പിറ്റിൽ ചെലവഴിച്ചു.

ഹെഡ്സെറ്റ് ധരിച്ച്, പൈലറ്റുമാരോടു കുശലം പറഞ്ഞും താഴെ തടിച്ചുകൂടിയ ഗ്രാമീണർക്കു നേരേ കൈവീശിയും യാത്ര ആസ്വദിക്കുന്ന മാർപാപ്പയുടെ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ 'പാപ്പാകോപ്റ്റർ' എന്നപേരിൽ വൈറലായിട്ടുണ്ട്.

ഏകദേശം മൂന്നു പതിറ്റാണ്ടായി ഒരുമിച്ച് പ്രവർത്തിക്കുന്ന തങ്ങൾക്ക് മാർപാപ്പയോടൊപ്പമുള്ള ഈ യാത്ര വലിയൊരു ബഹുമതിയും അവിസ്മരണീയമായ ഓർമയുമാണെന്ന് പൈലറ്റുമാരും വ്യോമസേനയും സമൂഹമാധ്യമത്തിൽ കുറിച്ചു.

വലത് ശ്വാസകോശത്തിൻറെ ഒരു ഭാഗം നീക്കം ചെയ്യുന്ന ശസ്ത്രക്രിയ കഴിഞ്ഞ് ഒരു മാസം മാത്രം പിന്നിടുമ്പോഴാണ് 71കാരനായ മാർപാപ്പയുടെ ഈ ഊർജസ്വലമായ പര്യടനം. തീരദേശ മരുഭൂമിയിൽനിന്ന് ആൻഡീസ് പർവതനിരകളിലേക്കും തുടർന്ന് ആമസോൺ മഴക്കാടുകളിലേക്കും എത്തിയ അദ്ദേഹം യാത്രയിലുടനീളം ക്ഷീണത്തിൻറെ യാതൊരു ലക്ഷണവും പ്രകടിപ്പിച്ചില്ല.

1985 മുതൽ 2023 വരെ പെറുവിൽ മിഷനറിയായും ബിഷപ്പായും പ്രവർത്തിച്ച് പ്രാദേശിക സമൂഹങ്ങളുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന മാർപാപ്പയ്ക്ക് ആവേശോജ്വല വരവേല്പാണു വിശ്വാസികൾ നൽകിയത്.

ഞായറാഴ്ച തെക്കൻ ആൻഡീസ് പർവതനിരകളിലുള്ളതും പഴയ ഇൻകാ സാമ്രാജ്യത്തിൻറെ സിരാകേന്ദ്രവുമായിരുന്ന കുസ്കോയിൽ മാർപാപ്പ എത്തിച്ചേർന്നു. വിമാനത്താവളത്തിൽനിന്ന് അദ്ദേഹത്തെ വരവേൽക്കാൻ അഞ്ചു ലക്ഷത്തോളം ആളുകളാണ് തെരുവോരങ്ങളിൽ അണിനിരന്നത്.

പ്രായാധിക്യത്തിൻറെ അവശതകൾ മറന്ന് കുന്നുകയറി എത്തിയ തെക്കൻ പെറുവിലെ അരെകിപ സ്വദേശിനി അന മരിയ നീന ഡെൽഗാഡോയെപ്പോലുള്ള നിരവധി വിശ്വാസികൾക്ക് മാർപാപ്പയെ നേരിട്ടു കാണാനായത് വലിയ ആത്മീയ അനുഭവമായി.

സമുദ്രനിരപ്പിൽനിന്ന് 12,000 അടിയിലധികം ഉയരത്തിലുള്ള പുരാതന ഇൻക കേന്ദ്രമായ സക്സായ്വാമൻ നാഷണൽ ആർക്കിയോളജിക്കൽ പാർക്കിൽ നടന്ന പ്രാർഥനാശുശ്രൂഷയ്ക്ക് മാർപാപ്പ നേതൃത്വം നൽകി.

ഭിന്നതകളും മുറിവുകളും അവിശ്വാസവും നിറഞ്ഞ ഈ കാലഘട്ടത്തെ മറികടക്കാൻ മതപരമായ പാരമ്പര്യങ്ങൾക്കു സാധിക്കുമെന്നും വിശ്വാസവും സ്നേഹവും പകരുന്ന വെളിച്ചത്തിൽ ജനങ്ങളെ ഒന്നിപ്പിക്കാനാണു മതവിശ്വാസം ഉതകേണ്ടതെന്നും അദ്ദേഹം ഓർമിപ്പിച്ചു. പരമ്പരാഗത ഉത്സവങ്ങളെ സാഹോദര്യത്തിൻറെയും ഉപവിയുടെയും വിദ്യാലയങ്ങളാക്കി മാറ്റാൻ വിശ്വാസികളോട് അദ്ദേഹം ആഹ്വാനം ചെയ്തു.

തുടർന്ന് കുസ്കോ കത്തീഡ്രലിനുമുന്നിലെ ചത്വരത്തിൽ ത്രികാലജപം നയിച്ച മാർപാപ്പ 1650ലെ ഭൂകമ്പത്തിൽനിന്നു നഗരത്തെ അത്ഭുതകരമായി രക്ഷിച്ചുവെന്ന് വിശ്വസിക്കപ്പെടുന്ന 'ലോർഡ് ഓഫ് ദ എർത്ത്ക്വേക്സ്' എന്ന ക്രൂശിതരൂപത്തെ അണിയിക്കാനുള്ള തിരുവസ്ത്രവും സമ്മാനിച്ചു.

ഉച്ചകഴിഞ്ഞ് ആമസോൺ താഴ്വരയിലെ പുകാൽപ നഗരത്തിലെത്തിയ മാർപാപ്പ, കായിക മൈതാനത്ത് അർപ്പിച്ച വിശുദ്ധ കുർബാനയിൽ രണ്ടു ലക്ഷത്തോളം വിശ്വാസികൾ പങ്കെടുത്തു. ആമസോൺ മഴക്കാടുകളെ സംരക്ഷിക്കുക എന്നത് അവിടെ വസിക്കുന്ന ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്നതുതന്നെയാണെന്നും ഭൂമിയുടെ നിലവിളിയും പാവപ്പെട്ടവരുടെ നിലവിളിയും വേർതിരിക്കാനാകാത്തതാണെന്നും വചനസന്ദേശത്തിൽ അദ്ദേഹം വ്യക്തമാക്കി.

കുർബാനയ്ക്കുമുമ്പ് തദ്ദേശീയ ജനവിഭാഗങ്ങളുടെ പ്രതിനിധികളുമായും മിഷനറിമാരുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തിയിരുന്നു. ഞായറാഴ്ച വൈകുന്നേരം ലിമയിൽ തിരിച്ചെത്തിയ മാർപാപ്പ, ഇന്നു രാവിലെ അവിടെ വിശുദ്ധ കുർബാന അർപ്പിച്ചശേഷം ഉച്ചയോടെ റോമിലേക്കു മടങ്ങും.

ഇന്ത്യാ ഇൻറർനാഷണൽ ട്രേഡ് ഫെയറിൽ ശ്രദ്ധേയമായി എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ്

തിരുവനന്തപുരം: രാജ്യത്തെ ഏറ്റവും വലിയ പ്രദർശനമേളകളിലൊന്നായ ഇന്ത്യാ ഇൻറർനാഷണൽ ട്രേഡ് ഫെയറിൽ (ഐഐടിഎഫ്) ശ്രദ്ധേയമായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡ്.

ഇന്ത്യ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷനാണ് (ഐറ്റിപിഒ) ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ 45-ാമത് ഐഐടിഎഫ് സംഘടിപ്പിക്കുന്നത്. നവംബർ 13 ന് ആരംഭിച്ച മേള നവംബർ 26 ന് സമാപിക്കും. 'വികാസ് ഔർ വിരാസത്' (വികസനവും പൈതൃകവും) എന്നതാണ് ഈ വർഷത്തെ മേളയുടെ പ്രമേയം.

രാജ്യത്തിൻറെ ആരോഗ്യ സംരക്ഷണ മേഖല ശക്തിപ്പെടുത്തുന്നതിലും സർക്കാരിൻറെ ആരോഗ്യ ലക്ഷ്യങ്ങളെ പിന്തുണയ്ക്കുന്നതിലും എച്ച്എൽഎൽ നൽകുന്ന സംഭാവനകൾ ഉയർത്തിക്കാട്ടുന്ന പ്രദർശനത്തിന് സന്ദർശകരിൽ നിന്ന് മികച്ച പ്രതികരണമാണ് ലഭിക്കുന്നത്.

എച്ച്എൽഎൽ സ്റ്റാൾ ഉൾപ്പെടുന്ന 'ഹെൽത്ത് പവലിയൻ' കേന്ദ്ര ആരോഗ്യ സെക്രട്ടറി പുണ്യ സലില ശ്രീവാസ്തവ ഉദ്ഘാടനം ചെയ്തു. നീതി ആയോഗ് അംഗം ഡോ. എം. ശ്രീനിവാസ്, ആരോഗ്യ ഗവേഷണ വകുപ്പ് സെക്രട്ടറിയും ഐസിഎംആർ ഡയറക്ടർ ജനറലുമായ ഡോ. രാജീവ് ബഹൽ, നാഷണൽ ഹെൽത്ത് അതോറിറ്റി സിഇഒ സുനിൽ കുമാർ ബർൺവാൾ എന്നിവരും മന്ത്രാലയത്തിലെ മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.

'യുവ ഭാരത്, സ്വസ്ഥ ഭാരത്' എന്ന പ്രമേയത്തിന് കീഴിൽ സജ്ജീകരിച്ചിരിക്കുന്ന ആരോഗ്യ പവലിയനിൽ പ്രതിരോധ ആരോഗ്യ സംരക്ഷണം, ആരോഗ്യകരമായ ജീവിതശൈലി, ആരോഗ്യമുള്ള രാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ യുവ ജനങ്ങളുടെ പങ്കാളിത്തം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.

മെൻസ്ട്രുവൽ കപ്പ്, സാനിറ്ററി നാപ്കിൻ, സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്ററുകൾ തുടങ്ങി ആർത്തവ ശുചിത്വ അവബോധവും സുരക്ഷിതമായ സംസ്കരണ രീതികളും പ്രോത്സാഹിപ്പിക്കുന്ന വിപുലമായ ഉൽപ്പന്നങ്ങളും അമൃത് ഫാർമസികൾ, ഹിൻഡ്ലാബ്സ് തുടങ്ങിയ സംവിധാനങ്ങളും എച്ച്എൽഎൽ സ്റ്റാളിൽ പ്രദർശനത്തിനുണ്ട്. ഇന്ത്യയിലെയും വിദേശത്തെയും പ്രദർശകർക്കും സന്ദർശകർക്കും വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും സംരംഭങ്ങളും പരിചയപ്പെടാനുള്ള മികച്ച വേദിയാണ് ഐഐടിഎഫ്. ഭാരത് മണ്ഡപത്തിലെ 17 എക്സിബിഷൻ ഹാളുകളിലായാണ് വിപുലമായ പ്രദർശനം ഒരുക്കിയിരിക്കുന്നത്.

സ്കൂൾ മിസൈൽ ആക്രമണത്തിൻറെ പ്രതികാരം; യുഎസ് കമാൻഡർമാർക്കെതിരെ ഭീഷണിയുമായി ഇറാൻ

വാഷിംഗ്ടൺ ഡിസി: ഇറാനിലെ സ്കൂളിനുനേരെയുണ്ടായ മിസൈൽ ആക്രമണത്തെ തുടർന്ന് രണ്ട് അമേരിക്കൻ നാവിക ഉദ്യോഗസ്ഥരെ പേരെടുത്ത് ഭീഷണിപ്പെടുത്തി ഇറാൻ. യുദ്ധക്കപ്പലായ യുഎസ്എസ് സ്പ്രൂവൻസിൻറെ കമാൻഡിംഗ് ഓഫിസർ ലീ ആർ. ടേറ്റ്, എക്സിക്യൂട്ടീവ് ഓഫിസർ ലഫ്റ്റനൻറ് കമാൻഡർ ജെഫ്രി ഇ. യോർക്ക് എന്നിവർക്കെതിരെയാണ് ഇറാൻറെ ഭാഗത്തുനിന്ന് ഭീഷണി ഉയർന്നിരിക്കുന്നത്.

ഫെബ്രുവരി 28-നാണ് ഇറാനിലെ മിനാബിലുള്ള ഷജാറെ തയ്യിബ എലിമെൻററി സ്കൂളിന് നേരെ യുഎസ് സേന ടോമാഹോക്ക് മിസൈൽ ആക്രമണം നടത്തിയതും ഇതിൽ 168 കുട്ടികൾ കൊല്ലപ്പെട്ടതും. ഈ ആക്രമണത്തിന് പിന്നിൽ ഈ രണ്ട് ഉദ്യോഗസ്ഥരാണെന്നാണ് ഇറാൻറെ ആരോപണം.

ഇതേ തുടർന്ന് ദക്ഷിണാഫ്രിക്കയിലെ ഇറാൻ എംബസിയുടെ ഔദ്യോഗിക എക്സ് അക്കൗണ്ടിലൂടെയാണ് ഉദ്യോഗസ്ഥരുടെ ചിത്രങ്ങൾ സഹിതം'ഞങ്ങൾ നിങ്ങളെ കണ്ടെത്തും' എന്ന ഭീഷണി മുന്നറിയിപ്പ് പുറത്തുവിട്ടിരിക്കുന്നത്. മാർച്ച് മാസത്തിലും സമാനമായ രീതിയിൽ 'ഈ രണ്ട് കുറ്റവാളികളെയും ഓർക്കുക, അവർക്ക് സ്വന്തമായി കുട്ടികളില്ലേ' എന്ന ചോദ്യത്തോടൊപ്പം ഇവരുടെ ചിത്രങ്ങൾ ഇറാൻ പങ്കുവച്ചിരുന്നു.357 ദിവസത്തെ ദീർഘകാല സേവനത്തിനും മേഖലയിലെ പോരാട്ടങ്ങൾക്കും ശേഷം യുഎസ്എസ് സ്പ്രൂവൻസ് കപ്പൽ കാലിഫോർണിയയിലെ സാൻ ഡെഗോയിലേക്ക് മടങ്ങിയതിന് പിന്നാലെയാണ് ഇറാൻറെ ഭാഗത്തുനിന്ന് വീണ്ടും പ്രകോപനപരമായ നീക്കമുണ്ടായിരിക്കുന്നത്.

വ്യക്തിഗതമായി അമേരിക്കൻ സൈനിക ഉദ്യോഗസ്ഥരെ ലക്ഷ്യമിട്ടുള്ള ഇറാൻറെ പരസ്യമായ ഈ ഭീഷണി വാഷിംഗ്ടണിൽ വലിയ തോതിലുള്ള സുരക്ഷാ ആശങ്കകളാണ് സൃഷ്ടിച്ചിരിക്കുന്നത്. രാജ്യത്തേക്ക് മടങ്ങിയെത്തുന്ന സൈനികർക്കെതിരായ ഏത് നീക്കത്തെയും ശക്തമായി പ്രതിരോധിക്കുമെന്ന് പ്രതിരോധ വൃത്തങ്ങൾ വ്യക്തമാക്കി.

ഉത്തർപ്രദേശിൽ തട്ടുകട അടിച്ചുതകർത്ത് രണ്ട് യുവതികൾ

ലക്നോ: ഉത്തർപ്രദേശിലെ വാരണാസിയിൽ രണ്ട് യുവതികൾ ചേർന്ന് നടുറോഡിൽ തട്ടുകട അടിച്ചുതകർത്ത സംഭവത്തിൻറെ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ വൈറലാകുന്നു. ശനിയാഴ്ച രാത്രി എട്ടുമണിയോടെയാണ് സംഭവം. സ്കൂട്ടറിലെത്തിയ യുവതികൾ കടയുടമയോട് വഴക്കിടുകയും തുടർന്ന് കടയിലെ സാധനങ്ങൾ നശിപ്പിക്കുകയുമായിരുന്നു.

സ്കൂട്ടറിലെത്തി ആദ്യം തട്ടുകടയുടമയോട് വാക്കേറ്റത്തിൽ ഏർപ്പെട്ട യുവതികൾ ദൃശ്യങ്ങൾ മൊബൈലിൽ പകർത്താനും ശ്രമിച്ചു. ഇതിനുപിന്നാലെ പ്രകോപിതരായ ഇരുവരും കടയിലെ ദോശമാവ് പാത്രം മറിച്ചിടുകയും മറ്റ് സാധനങ്ങൾ റോഡിലേക്ക് വലിച്ചെറിയുകയും ചെയ്തു. കടയുടെ ക്യാഷ് കൗണ്ടറിനുള്ളിലേക്ക് കയറാനും ഇവർ ശ്രമിച്ചതായി കടയുടമ നൽകിയ പരാതിയിൽ പറയുന്നു.അതിനിടെ, കടയുടമകൾ ഇവർക്കൊപ്പം തർക്കത്തിലേർപ്പെടാൻ ഉണ്ടായ കാരണത്തെക്കുറിച്ച് മറ്റ് റിപ്പോർട്ടുകളും പുറത്തുവരുന്നുണ്ട്. കടയുടമകൾ തങ്ങളുടെ പിതാവിനെ മർദിച്ചുവെന്നും ഇതിനെ ചോദ്യം ചെയ്യാനാണ് തങ്ങൾ എത്തിയതെന്നുമാണ് യുവതികളുടെ വാദം.

സംഭവവുമായി ബന്ധപ്പെട്ട് തട്ടുകടയുടമ പൊലിസിൽ പരാതി നൽകിയിട്ടുണ്ട്. കടയിലെ സിസിടിവി കാമറകളിൽ പതിഞ്ഞ ആക്രമണത്തിൻറെ ദൃശ്യങ്ങൾ പ്രചരിച്ചതോടെ പൊലിസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

2027 ലെ മീഡിയ/ജേണലിസ്റ്റ് അക്രഡിറ്റേഷൻ പുതുക്കലിന് അപേക്ഷിക്കാം

മീഡിയ/ജേണലിസ്റ്റ് അക്രഡിറ്റേഷൻ 2027ലേക്ക് പുതുക്കുന്നതിന് 2026 നവംബർ 25 വരെ ഓൺലൈനായി അപേക്ഷിക്കാം. 2026ൽ അക്രഡിറ്റേഷൻ പുതുക്കി, കാർഡ് ലഭിച്ചവരാണ് പുതുക്കേണ്ടത്. ്യൂറ.സല്യമഹമ.ഴീ.ശി വെബ്സൈറ്റിൽ നൽകിയിട്ടുള്ള മീഡിയ അക്രഡിറ്റേഷൻ പുതുക്കൽ ലിങ്കിൽ കയറിയാണ് അപേക്ഷ നൽകേണ്ടത്. https://duk.ac.in/iprd എന്ന ലിങ്കിലൂടെയും പുതുക്കാം. ഗൂഗിൾ ക്രോം ബ്രൗസർ ഉപയോഗിക്കുന്നതാണ് ഉചിതം. അക്രഡിറ്റേഷൻ നമ്പരും പാസ് വേഡും നൽകി നിലവിലുള്ള പ്രൊഫൈൽ പേജിൽ പ്രവേശിക്കാം. പാസ് വേഡ് ഓർമയില്ലാത്തവർ ഫൊർഗോട്ട് പാസ് വേഡ് വഴി റീസെറ്റ് നൽകിയാൽ പുതിയ പാസ് വേഡ് അക്രഡിറ്റേഷൻ കാർഡിൽ നൽകിയിട്ടുള്ള ഇമെയിലിൽ ലഭിക്കും. (പുതിയ പാസ് വേഡ് മെയിലിലെ ഇൻബോക്സിൽ കണ്ടില്ലെങ്കിൽ സ്പാം ഫോൾഡർ കൂടി പരിശോധിക്കണം.)പ്രൊഫൈലിൽ (ഫോട്ടോ, ഒപ്പ്, തസ്തിക, ജില്ല, വിലാസം തുടങ്ങി) ആവശ്യമായ തിരുത്തലുകൾ വരുത്താവുന്നതാണ്.ബ്യൂറോയിലുള്ളവർ മീഡിയാ അക്രഡിറ്റേഷൻ കാറ്റഗറിയിലും ഡെസ്കിലുള്ളവർ ജേണലിസ്റ്റ് അക്രഡിറ്റേഷൻ കാറ്റഗറിയിലുമാണ് അപേക്ഷിക്കേണ്ടത്. രേഖപ്പെടുത്തിയ വിവരങ്ങൾ അപേക്ഷകന് പരിശോധിക്കാൻ പ്രിവ്യൂ സൗകര്യം ലഭ്യമാണ്. അപ്ഡേഷനുകൾ കൺഫേം ചെയ്ത് അപേക്ഷയുടെ പ്രിൻറ് ഔട്ട് എടുത്ത് ബ്യൂറോ ചീഫിൻറെയോ ന്യൂസ് എഡിറ്ററുടെയോ ഒപ്പും സീലുമായി സാക്ഷ്യപത്രം സഹിതം ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ നവംബർ 25 ന് വൈകിട്ട് 5നകം നൽകണം. നിലവിൽ ഉള്ള കാർഡിൻറെ പകർപ്പും അപേക്ഷയോടൊപ്പം സമർപ്പിക്കണം.

തെരുവുനായയെ സൈക്കിൾ കൊണ്ട് നേരിട്ട് സഹോദരങ്ങൾക്ക് രക്ഷകനായി ജ്യേഷ്ഠൻ

മാഹി: മാഹി പള്ളൂരിൽ വീട്ടുമുറ്റത്ത് കളിച്ചുകൊണ്ടിരിക്കുകയായിരുന്ന കുട്ടികൾക്ക് നേരെ പാഞ്ഞടുത്ത തെരുവുനായയെ സൈക്കിൾ ഉപയോഗിച്ച് നേരിട്ട് എട്ടു വയസ്സുകാരൻ. പള്ളൂർ ഇടയിൽ പീടികയിൽ ഷമീമ മഹലിലാണ് സംഭവം.വീട്ടുമുറ്റത്ത് കുട്ടികൾ കളിക്കുന്നതിനിടെ അപ്രതീക്ഷിതമായിട്ടായിരുന്നു നായയുടെ ആക്രമണം. പെട്ടെന്നുള്ള നായയുടെ വരവിൽ കുട്ടികൾ പേടിച്ചെങ്കിലും ഒപ്പമുണ്ടായിരുന്ന എട്ടു വയസുകാരൻ ഒട്ടും പരിഭ്രാന്തി കാണിക്കാതെ സമയോചിതമായി ഇടപെടുകയായിരുന്നു.ധൈര്യപൂർവ്വം തൻറെ സൈക്കിൾ മുന്നോട്ട് വെച്ച് നായയുടെ വഴി തടയുകയും, അതുവഴി സഹോദരങ്ങളെയും മറ്റ് കുട്ടികളെയും രക്ഷിക്കുകയും ചെയ്തു.പിന്നീട് പന്തികേട് മനസിലാക്കി കുട്ടി സൈക്കിളിൽ നിന്ന് പിന്നിലേക്ക് ചാടി രക്ഷപ്പെടുന്നതും ദൃശ്യങ്ങളിൽ വ്യക്തമാണ്. പ്രദേശത്തെ സി.സി.ടി.വി ക്യാമറയിൽ പതിഞ്ഞ ഈ ദൃശ്യങ്ങൾ പുറത്തുവന്നതോടുകൂടി കുട്ടിയുടെ മനസാന്നിധ്യത്തെയും ധൈര്യത്തെയും പ്രശംസിച്ച് നിരവധി പേരാണ് രംഗത്തെത്തിയത്

മെസി തട്ടിപ്പിലെ ജിഎസ്ടി അന്വേഷണം: സമൻസിൽ ഇടപെടാൻ വിസമ്മതിച്ച് ഹൈക്കോടതി

കൊച്ചി: ലയണൽ മെസിയെ കേരളത്തിലെത്തിക്കാമെന്ന പേരിൽ നടത്തിയ സാമ്പത്തിക തട്ടിപ്പിലെ ജിഎസ്ടി അന്വേഷണത്തിൽ ഇടപെടാൻ ഹൈക്കോടതി വിസമ്മതിച്ചു. ജിഎസ്ടി അന്വേഷണത്തിലെ സമൻസ് ചോദ്യം ചെയ്ത് റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനി നൽകിയ ഹർജി കോടതി തീർപ്പാക്കി.വ്യാഴാഴ്ച കൊല്ലം ജിഎസ്ടി ഇൻറലിജൻസ് യൂണിറ്റിന് മുന്നിൽ ഹാജരാകണം. നികുതിയും പലിശയും പിഴയും ചേർത്ത് 56 കോടി രൂപ റിപ്പോർട്ടർ കമ്പനിയിൽനിന്ന് പിഴയായി ഈടാക്കാനാണ് നീക്കം. 25.78 കോടിയുടെ നികുതിവെട്ടിപ്പാണ് കണ്ടെത്തിയത്.ഇതിന് 18 ശതമാനം പലിശയും നികുതിവെട്ടിപ്പിന് തുല്യം പിഴയും ചുമത്തിയതോടെയാണ് തുക ഉയർന്നത്. റിപ്പോർട്ടർ കമ്പനിക്ക് പണം നൽകിയതിനെ കുറിച്ചുള്ള അന്വേഷണത്തിൽ പണം നൽകിയ ധനകാര്യ സ്ഥാപനങ്ങൾക്കും അർജൻറീനയിലേക്ക് പണമയച്ച ബാങ്കിനും സമൻസ് അയച്ചിട്ടുണ്ട്. ഇടപാടുകൾ സംബന്ധിച്ച രേഖകൾ ഹാജരാക്കാനാണ് സമൻസ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



ലോകായുക്ത ദിനാചരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ഓൾ കേരള ഇന്റർ-കോളേജിയറ്റ് മൂട്ട് കോർട്ട് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ കേരള ലോ അക്കാഡമി ലോ കോളേജ് പേരൂർക്കടയ്ക്ക് ലോകായുക്ത ജസ്റ്റിസ് എൻ. അനിൽ കുമാർ എവർ റോളിംഗ് ട്രോഫിയും അവാർഡും സമ്മാനിക്കുന്നു



നിയമസഭ ബാങ്കറ്റ് ഹാളിൽ സംഘടിപ്പിച്ച ലോകായുക്ത ദിനാചരണം ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല ഓൺലൈനായി ഉദ്ഘാടനം ചെയ്യുന്നു

ലോകായുക്തയ്ക്ക് കോടതിയലക്ഷ്യ അധികാരം നല്കാൻ നടപടി സ്വീകരിക്കും: മന്ത്രി രമേശ് ചെന്നിത്തല

ലോകായുക്ത ദിനാചരണം സംഘടിപ്പിച്ചു

ലോകായുക്തയ്ക്ക് കോടതിയലക്ഷ്യ നടപടിയെടുക്കാനുള്ള അധികാരം (ലെറശേീ 19 ഇീലോുേീംല്യേ) നൽകുന്നതിനുള്ള റൂൾസ് ഭേദഗതി നിയമസഭയുടെ സബ്ജക്ട് കമ്മിറ്റിക്ക് മുമ്പാകെ കൊണ്ടുവന്ന് പാസാക്കിയെടുക്കാൻ നടപടി സ്വീകരിക്കുമെന്ന് ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല. ലോകായുക്തയ്ക്ക് സ്വതന്ത്രമായ ഓഫീസ് മന്ദിരം വേണമെന്നും റിക്കോർഡുകളുടെ ഡിജിറ്റലൈസേഷൻ പൂർത്തിയാക്കേണ്ടത് അനിവാര്യമാണെന്നും മന്ത്രി. നിയമസഭ ബാങ്കറ്റ് ഹാളിൽ സംഘടിപ്പിച്ച സംസ്ഥാന ലോകായുക്ത ദിനാചരണ പരിപാടി ഓൺലൈനായി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.ലോകായുക്ത കാര്യക്ഷമമായാൽ ഭരണരംഗത്ത് കൂടുതൽ സുതാര്യത ഉറപ്പുവരുത്താൻ കഴിയും. പൊതുപ്രവർത്തകർക്കും ഉദ്യോഗസ്ഥർക്കും തെറ്റ് ചെയ്യാതിരിക്കാനുള്ള ജാഗ്രതാ ശക്തിയായി ലോകായുക്ത മാറണം. പരാതികളിൽ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നത് സാധാരണക്കാർക്ക് ആശ്വാസകരമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഭരണഘടനാ സ്ഥാപനമല്ലെങ്കിലും ഭരണഘടനയുടെ മൂല്യങ്ങൾ സംരക്ഷിക്കാൻ ബാധ്യതയുള്ള ഏറ്റവും പ്രധാനപ്പെട്ട സംവിധാനമായാണ് ലോകായുക്ത പ്രവർത്തിക്കുന്നതെന്ന് ചടങ്ങിൽ വിശിഷ്ടാതിഥിയായി പങ്കെടുത്ത പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു. ലോകായുക്തയ്ക്ക് മുന്നിലെത്തുന്ന പരാതികളിൽ 95 ശതമാനത്തിലധികവും സാധാരണക്കാരുടെ വിഷയങ്ങളാണ്. ഇത്തരം പരാതികളിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നത് ജനാധിപത്യത്തിലുള്ള ജനങ്ങളുടെ വിശ്വാസം വലിയ തോതിൽ വർദ്ധിപ്പിക്കാൻ ഇടയാക്കുമെന്നും അദ്ദേഹം പറഞ്ഞു.

അഴിമതി ആരോപണങ്ങൾ മേലുദ്യോഗസ്ഥരെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനുപകരം സ്വതന്ത്ര അന്വേഷണ ഏജൻസികൾ വഴി അന്വേഷിക്കണമെന്നു യോഗത്തിന് അധ്യക്ഷത വഹിച്ച സംസ്ഥാന ലോകായുക്ത ജസ്റ്റിസ് എൻ. അനിൽ കുമാർ പറഞ്ഞു. 119-ഓളം സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, സഹകരണ സംഘങ്ങൾ തുടങ്ങിയവ പരിധിയിൽ വരുന്ന സംസ്ഥാന ലോകായുക്ത നിയമത്തിന് ഭരണഘടന പരിരക്ഷയുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.ലോകായുക്ത ദിനാചരണത്തിന്റെ ഭാഗമായി നിയമവിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഓൾ കേരള ഇന്റർ-കോളേജിയറ്റ് മൂട്ട് കോർട്ട് മത്സരത്തിൽ കേരള ലോ അക്കാഡമി ലോ കോളേജ് പേരൂർക്കട ഒന്നാം സ്ഥാനമായ ലോകായുക്ത എവർ റോളിംഗ് ട്രോഫി കരസ്ഥമാക്കി. സമ്മാനാർഹരായ മുഹമ്മദ് നസീർ, അലോക മരിയ ബെന്നി എന്നിവർക്ക് വ്യക്തിഗത സമ്മാനമായി 15,000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ലഭിച്ചു. ശ്രീനാരായണ ലോ കോളേജ്, പൂത്തോട്ട രണ്ടാംസ്ഥാനം നേടി. തിരുവനന്തപുരം ഗവ. ലോ കോളേജ് പ്രോത്സാഹന സമ്മാനത്തിന് അർഹരായി. വിജയികൾക്ക് ലോകായുക്ത ജസ്റ്റിസ് എൻ. അനിൽ കുമാർ ട്രോഫിയും അവാർഡും കൈമാറി.

യോഗത്തിൽ നഗരസഭാ മേയർ വി.വി. രാജേഷ്, ലോകായുക്ത രജിസ്ട്രാർ ഇ. ബൈജു, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ അഡ്വ. ടി. ആസഫ് അലി, ട്രിവാൻഡ്രം ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. ഗോപിദാസ് ജി, ലോകായുക്ത അഡ്വക്കറ്റ്സ് ഫോറം പ്രസിഡന്റ് അഡ്വ. എൻ. എസ്. ലാൽ, കേരള ലോകായുക്ത അഡ്വക്കറ്റ്സ് ഫോറം സെക്രട്ടറി അഡ്വ. ബാബു പി. പോത്തൻകോട്, മുൻ ലോകായുക്തമാർ, നിയമ വിദഗ്ദ്ധർ എന്നിവർ പങ്കെടുത്തു.

പെട്രോൾ ഗുണനിലവാര മാനദണ്ഡം ഉറപ്പാക്കും: മന്ത്രി അനൂപ് ജേക്കബ്

പമ്പുകളിൽ എഥനോൾ അളവ് പരിശോധന: ആലപ്പുഴയിലും കാസർകോഡും സാമ്പിൾ ശേഖരിച്ചു

പെട്രോളിൽ നിശ്ചിതപരിധിയിലധികം എഥനോൾ കലർത്തി വിൽപന നടത്തുന്നുണ്ടോയെന്നു പരിശോധിക്കാൻ ആലപ്പുഴ, കാസർകോട് ജില്ലകളിലെ നാലു പമ്പുകളിൽ സിവിൽ സപ്ലൈസ് വകുപ്പ് പരിശോധന നടത്തി സാമ്പിൾ ശേഖരിച്ചു. പെട്രോൾ കമ്പനി ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിലായിരുന്നു പരിശോധന. കഴിഞ്ഞാഴ്ച നാലു ജില്ലകളിലെ 9 പമ്പുകളിൽ നിന്ന് സാമ്പിൾ ശേഖരിച്ചിരുന്നു.

ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള ഇന്ധനം ഉറപ്പാക്കാനും ഇന്ധനത്തിലെ മായംചേർക്കലും മറ്റ് ക്രമക്കേടുകളും തടയാനുമാണു നടപടിയെന്നു ഭക്ഷ്യ-ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രി അനൂപ് ജേക്കബ് അറിയിച്ചു. പരിശോധനയിൽ അളവിൽ കൂടുതൽ കണ്ടെത്തിയാൽ നിയമനടപടി സ്വീകരിക്കും. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (ബിഐഎസ്) നിഷ്കർഷിച്ച ഗുണനിലവാര മാനദണ്ഡം പാലിച്ചാണോ പെട്രോൾ നൽകുന്നതെന്ന് ഉറപ്പാക്കും. വരുംദിവസങ്ങളിലും വിവിധ ജില്ലകളിൽ പരിശോധനകൾ തുടരുമെന്നും മന്ത്രി അറിയിച്ചു. കർണാടകയിലെ ചില പമ്പിൽ അളവിൽ കൂടുതൽ എഥനോൾ കലർത്തിയ ഇന്ധനം വിൽക്കുന്നതായി കണ്ടെത്തിയതിനു പിന്നാലെയാണ് കേരളത്തിലും പരിശോധനയ്ക്ക് ഉത്തരവിട്ടത്.

ആലപ്പുഴ മുനിസിപ്പൽ പരിധിയിലുള്ള ബിപിസിഎൽ പമ്പിലും തൃക്കുന്നപ്പുഴയിലെ ഐഒസിയുടെ പമ്പിലുമാണു നവംബർ 16ന് പരിശോധന നടന്നത്. ശേഖരിച്ച സാമ്പിളുകൾ എറണാകുളം റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ പരിശോധനയ്ക്കു നൽകും. അമ്പലപ്പുഴ താലൂക്ക് സപ്ലൈ ഓഫീസർ സേതുലക്ഷ്മി ആർ, കാർത്തികപ്പള്ളി താലൂക്ക് സപ്ലൈ ഓഫീസർ ഓമനക്കുട്ടൻ ജി, റേഷനിങ് ഇൻസ്പെക്ടർമാരായ രതീഷ് കെ, ബിനുരാജ് പി.ആർ, ഗിരീഷ്, കൃഷ്ണകുമാർ ഉണ്ണിത്താൻ, രാജേഷ് കെ വിശ്വനാഥ്, ബി.പി.സി.എൽ സെയിൽസ് ഓഫീസർ നിത ടി.ഇ, ഐഒസി സെയിൽസ് ഓഫീസർ ടി.ജെ രാകേഷ് കിരൺ എന്നിവർ പരിശോധനയിൽ പങ്കെടുത്തു.

കാസർകോഡ് ജില്ലയിൽ ജിയോ പമ്പിലും കാസർകോഡ് മുൻസിപ്പൽ പരിധിയിലെ ജിയോ പമ്പിലും അണങ്കൂർ കണന്തക്കാട് ഫയർസ്റ്റേഷനു സമീപമുള്ള ഐഒസി പമ്പിലുമാണു പരിശോധന നടത്തിയത്. സാമ്പിളുകൾ കോഴിക്കോട് റീജിയണൽ കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിൽ പരിശോധനയ്ക്കു നൽകും. ഡിഎസ്ഒ ബിന്ദു കെ.എൻ., കാസർകോഡ് റ്റിഎസ്ഒ കൃഷ്ണനായക് ബി, വെള്ളരിക്കുണ്ട് റ്റിഎസ്ഒ ശകുന്തള റ്റി.പി തുടങ്ങിയവർ പരിശോധനയിൽ പങ്കെടുത്തു.

തനത് ഭവനപദ്ധതി: അപേക്ഷാ തീയതി നവംബർ 20 വരെ നീട്ടി

പട്ടികജാതി, പട്ടികവർഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്ന തനത് ഭവനപദ്ധതിയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2026 നവംബർ 20 വരെ നീട്ടിയതായി പട്ടികജാതി പട്ടികവർഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി കെ.എ. തുളസി അറിയിച്ചു.നേരത്തെ 2026 നവംബർ 16 ആയിരുന്നു അപേക്ഷിക്കാനുള്ള അവസാന തീയതിയായി നിശ്ചയിച്ചിരുന്നത്. എന്നാൽ നവംബർ 14, 15 തീയതികൾ യഥാക്രമം രണ്ടാം ശനിയാഴ്ചയും ഞായറാഴ്ചയും ആയിരുന്നതിനാൽ രേഖകൾ ശേഖരിച്ച് അപേക്ഷകൾ സമർപ്പിക്കുന്നതിന് അപേക്ഷകർക്ക് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിട്ടിരുന്നു. സമയ പരിധി ദീർഘിപ്പിക്കണമെന്ന വിവിധ കോണുകളിൽ നിന്നുള്ള ആവശ്യം പരിഗണിച്ചാണ് കൂടുതൽ അർഹരായവർക്ക് അവസരം ലഭ്യമാക്കുന്നതിനായി തീയതി നീട്ടി നൽകാൻ തീരുമാനിച്ചത്.

അർഹരായ അപേക്ഷകർക്ക് നവംബർ 20 വരെ അപേക്ഷകൾ സമർപ്പിക്കാം. ഇത് സംബന്ധിച്ച അടിയന്തര നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

ചികിത്സയ്ക്കെത്തിയ വനിതാ ഡോക്ടർക്കുനേരേ ലൈംഗികാതിക്രമം: സീനിയർ ഡോക്ടർ റിമാൻഡിൽ

നെടുമങ്ങാട്: നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ചികിത്സയ്ക്ക് എത്തിയ പിജി വനിതാ ഡോക്ടറെ സ്വകാര്യ പ്രാക്ടീസ് മുറിയിൽ വിളിച്ചു വരുത്തി ലൈംഗികാതിക്രമത്തിനു ശ്രമിച്ചെന്ന പരാതിയിൽ സീനിയർ ഡോക്ടറെ റിമാൻഡ് ചെയ്തു. ജില്ലാ ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗത്തിലെ ഡോ. ബിനുവി(51)നെയാണ് നെടുമങ്ങാട് പൊലിസ് അറസ്റ്റ് ചെയ്തു കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തത്.പിജി ഡോക്ടറുടെ ദേഹത്തെ മുഴ പരിശോധിക്കാനായി പ്രാക്ടീസ് മുറിയിൽ വിളിച്ചു വരുത്തി പീഡിപ്പിക്കാൻ ശ്രമിക്കുകയായിരിന്നുവെന്നാണു പരാതി. എന്നാൽ ആരോപണം ഡോ. ബിനു നിഷേധിച്ചു. ഡോക്ടറെന്ന നിലയിലുള്ള ദേഹപരിശോധന മാത്രമാണ് നടത്തിയതെന്നാണ് ഡോ. ബിനുവിൻറെ നിലപാട്. വെള്ളിയാഴ്ച രാത്രി കുമാരപുരത്ത് നിന്നാണ് ഇയാളെ പൊലിസ് കസ്റ്റഡിയിലെടുത്തത്. നെടുമങ്ങാട് സ്റ്റേഷനിൽ എത്തിച്ച പ്രതിയെ വൈദ്യ പരിശോധന പൂർത്തിയാക്കി കോടതിയിൽ ഹാജരാക്കി. സംഭവത്തിൽ ഡോ. ബിനുവിനെ സസ്പെൻഡ് ചെയ്തുകൊമ്ട് ആരോഗ്യവകുപ്പ് ഉത്തരവിറക്കി. സമഗ്രമായ അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കണമെന്ന ജി.ആർ. അനിൽ എംഎൽഎയുടെ ആവശ്യം പരിഗണിച്ചാണ് നടപടി.

പെൻഷന് ആധാർ ഓതന്റിക്കേഷൻ

കേരള മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പെൻഷൻ കൈപ്പറ്റുന്ന മത്സ്യ അനുബന്ധ തൊഴിലാളികൾ ആധാർ ഓതന്റിക്കേഷൻ പൂർത്തീകരിക്കാൻ ഫിഷറീസ് ഓഫീസുമായോ മത്സ്യഭവനുമായോ ബന്ധപ്പെടണമെന്ന് മത്സ്യ ബോർഡ് കമ്മീഷണർ അറിയിച്ചു. സെപ്റ്റംബറിൽ വരെ മസ്റ്ററിംഗ് നടത്തുകയും എന്നാൽ ആധാർ ഓതന്റിക്കേഷൻ പൂർത്തിയാക്കാത്തതുമായ 16,951 മത്സ്യ അനുബന്ധ തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി വിധവ പെൻഷൻ ഗുണഭോക്താക്കൾക്കും സെപ്റ്റംബർ മാസത്തെ പെൻഷൻ ലഭിക്കാതെ വന്നിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മത്സ്യ ഭവനുകളും ഫിഷറീസ് ഓഫീസുകളും കേന്ദ്രീകരിച്ചു ക്യാമ്പുകളും തീവ്രയജ്ഞ പരിപാടികളും സംഘടിപ്പിക്കുകയും പെൻഷൻ ലഭിക്കാതെ വന്ന 16,951 പേരിൽ 10,908 പേർക്ക് ഒക്ടോബർ മാസത്തിലെ പെൻഷൻ ലഭ്യമാക്കുകയും ചെയ്തു. ശേഷിക്കുന്ന 5,683 പേരിൽ 3,002 പേരുടെ ആധാർ ഓതന്റിക്കേഷൻ കൂടി ഇതിനകം പൂർത്തീകരിച്ചു. ഇവർ ഉൾപ്പെടെ ആകെ 13,910 പേർക്ക് നവംബർ മാസത്തിൽ പെൻഷൻ ലഭിക്കും. ശേഷിക്കുന്ന 2,861 പേരുടെ ആധാർ ഓതന്റിക്കേഷൻ നടപടിക്രമായി ഫിഷറീസ് ഓഫീസ് കേന്ദ്രീകരിച്ച് സാഗർ മിത്രകളുടെ കൂടി സഹകരണത്തോടെ സത്വര നടപടി കൈകൊണ്ടിട്ടുണ്ട്.

ആലപ്പുഴ, തിരുവനന്തപുരം, കോഴിക്കോട് എന്നീ മേഖലകളിൽ ഇത്തരത്തിൽ പെൻഷൻ ലഭിക്കാതെ വന്നവരിൽ ആധാർ ഓതന്റിക്കേഷൻ നടത്താനുള്ളവർ യഥാക്രമം 909, 854, 864 എന്നിങ്ങനെയാണ്. എറണാകുളം, കണ്ണൂർ മേഖലകൾ 98 ശതമാനം ആധാർ ഓതന്റിക്കേഷൻ കൈവരിച്ചിട്ടുണ്ട്.

വഴിയോര കച്ചവടക്കാരിയുടെ മാല കവർന്ന കേസിൽ രണ്ടാംപ്രതി പിടിയിൽ

ഉള്ളൂർ: വഴിയോര കച്ചവടക്കാരിയുടെ സ്വർണമാല കവർന്ന കേസിലെ രണ്ടാം പ്രതിയെ കഴക്കൂട്ടം എസി സുരേഷിൻറെ നേതൃത്വത്തിലുള്ള പൊലിസ് സംഘം പിടികൂടി.

ആറ്റുകാൽ മണക്കാട് പുത്തൻകോട്ട കമ്പിക്കകത്ത് ധനുഷ് (24) ആണ് പിടിയിലായത്. മെഡിക്കൽ കോളജ് ആക്കുളം ടൂറിസ്റ്റ് വില്ലേജിനടുത്ത് വഴിയോര കച്ചവടം നടത്തിവരിയായിരുന്ന ആക്കുളം എർത്ത് സയൻസിനു സമീപം പുതുവൽ പുത്തൻവീട്ടിൽ ജയകുമാരിയുടെ (58) മൂന്നുപവൻ വരുന്ന സ്വർണമാലയാണ് രണ്ടംഗസംഘം കവർന്നത്. ഒക്ടോബർ 27നു പകൽസമയത്തായിരുന്നു സംഭവം.

ബൈക്കിൽ എത്തിയ മൂന്നാം സംഘം കടയുടെ സമീപം വാഹനം നിർത്തിയശേഷം സാധനം വാങ്ങാനെന്ന വ്യാജേന ജയകുമാരിയുടെ സമീപമെത്തുകയും മാലമോഷ്ടിച്ചു രക്ഷപ്പെടുകയായിരുന്നു. മാല പിടിച്ചു വലിക്കുന്നതിനിടെ ജയകുമാരിയുടെ കഴുത്തിനു മുറിവേറ്റു. ജയകുമാരി മോഷ്ടാവിനെ പിന്തുടർന്നുവെങ്കിലും ഫലം കണ്ടില്ല. ഫോർട്ട് സ്റ്റേഷൻ പരിധിയിൽ റൗഡി ലിസ്റ്റിലുള്ള ആളാണ് ധനുഷ്. ഇയാൾക്കെതിരേ പിടിച്ചുപറി, മോഷണം, അടിപിടി, ലഹരി ഉപയോഗം എന്നിവയ്ക്കെതിരെ കേസുണ്ട്. കൃത്യം നടത്തിയശേഷം പ്രതികൾ കൊല്ലത്തേക്കു കടക്കുകയും മാല വിറ്റു കിട്ടിയ പണം ഉപയോഗിച്ച് ഗോവയിലേക്ക് പോകുകയും ചെയ്തു. ഇവിടെലച്ചു ലഹരി ഉപയോഗിച്ചശേഷം തിരിച്ചു നാട്ടിലേക്കു വരുന്നതിനിടെയാണ് പിടിയിലായത്. മറ്റുള്ള രണ്ടുപേരെ പിടികൂടുന്നതിനുള്ള ശ്രമം ഊർജിതമായി നടന്നുവരുന്നതായി മെഡിക്കൽ കോളജ് പൊലിസ് അറിയിച്ചു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

സിഐ ഗിരിലാൽ, എസ്.ഐമാരായ വിപിൻ, തോമസ്, മുഹമ്മദ് യാസിൻ, ഗോപകുമാർ, എഎസ്ഐമാരായ ജ്യോതി, സുരേഷ്, സിപിഒമാരായ ഉണ്ണികൃഷ്ണൻ, ബിജിത്ത്, പ്രശാന്ത്, മുബാറക്, ഹരി, അരുൺ, ഷഹനാസ്, അജിത്ത്, ജഹാംഗീർ, ശ്രീജിത്ത് എന്നിവരാണു പോലീസ് സംഘത്തിലുണ്ടായിരുന്നത്.

കടൽവെള്ളരികൾ വിൽക്കാൻ ശ്രമിച്ച കേസ്: മുഖ്യപ്രതി കീഴടങ്ങി

കുറ്റിച്ചൽ: കടൽവെള്ളരികൾ വിൽക്കാൻ ശ്രമിച്ച കേസിലെ മുഖ്യപ്രതി കീഴടങ്ങി. വിഴിഞ്ഞം തൊഴിച്ചൽ വസന്ത ഭവനിൽ സുരേഷ് (44) ആണ് കുറ്റിച്ചൽ പരുത്തിപ്പള്ളി വനം ഓഫീസിൽ കീഴടങ്ങിയത്. കോവളം ലൈറ്റ് ഹൗസിനു സമീപം എൺപതിലധികം കടൽവെള്ളരികൾ വിൽക്കാൻ ശ്രമിച്ച കേസിലെ മുഖ്യപ്രതിയാണ് ഇയാൾ. മുൻകൂർ ജാമ്യത്തിനായി സുരേഷ് ഹൈക്കോടതിയെ സമീപിച്ചിരുന്നെങ്കിലും ഹർജി തള്ളിയതിനെത്തുടർന്നാണ് കീഴടങ്ങിയത്.കോടതിയിൽ ഹാജരാക്കിയ പ്രതിയെ വനംകോടതി റിമാൻഡ് ചെയ്തു. 2026 സെപ്റ്റംബറിലാണ് പരുത്തിപ്പള്ളി റേഞ്ച് ഓഫീസർ വി. വിപിൻ ചന്ദ്രൻറെ നേതൃത്വത്തിലുള്ള സംഘം രഹസ്യവിവരത്തിൻറെ അടിസ്ഥാനത്തിൽ കോവളം ഭാഗത്തുനിന്ന് കടൽവെള്ളരികൾ പിടികൂടിയത്. മൂന്നു കുപ്പികളിലാക്കിയാണ് ഇവ വിൽപ്പനയ്ക്കായി എത്തിച്ചിരുന്നത്. റെയ്ഡിനിടെ സുരേഷ് ഓടി രക്ഷപ്പെട്ടിരുന്നെങ്കിലും മൂന്നുപേരെ വനപാലകർ നേരത്തെ അറസ്റ്റ് ചെയ്തിരുന്നു.

ബിജെപിയും അകാലിദളും വീണ്ടും കൈകോർക്കുന്നു; സീറ്റ് വിഭജന ചർച്ചകൾ സജീവം

ചണ്ഡീഗഢ്: നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിനു മുമ്പ് പഞ്ചാബിൽ നിർണായക നീക്കവുമായി ബിജെപിയും ശിരോമണി അകാലിദളും. മുൻ സഖ്യകക്ഷികളായ ഇരു പാർട്ടികളും വീണ്ടും ഒന്നിക്കാനുള്ള ചർച്ചകൾ സജീവമാക്കിയതായാണ് റിപ്പോർട്ടുകൾ. സീറ്റ് വിഭജന ചർച്ചകൾ അന്തിമഘട്ടത്തിലെത്തിയതായും ഗുരുനാനാക് ജയന്തിയോടനുബന്ധിച്ച് സഖ്യ സംബന്ധമായ ഔദ്യോഗിക പ്രഖ്യാപനമുണ്ടായേക്കുമെന്നും റിപ്പോർട്ടുകളുണ്ട്.

117 നിയമസഭാ മണ്ഡലങ്ങളുള്ള പഞ്ചാബിൽ ബിജെപി ഇത്തവണ 47 മുതൽ 48 വരെ സീറ്റുകളിൽ മത്സരിച്ചേക്കുമെന്നാണ് സൂചന. സഖ്യം യാഥാർഥ്യമായാൽ മുൻകാലങ്ങളിൽ അകാലിദൾ കൂടുതൽ സീറ്റുകളിൽ മത്സരിച്ചിരുന്ന രാഷ്ട്രീയ സമവാക്യത്തിൽ വലിയ മാറ്റത്തിനാകും അത് വഴിയൊരുക്കുക. 2017ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഒരുമിച്ച് മത്സരിച്ചപ്പോൾ അകാലിദൾ 94 സീറ്റുകളിലും ബിജെപി 23 സീറ്റുകളിലുമാണ് ജനവിധി തേടിയത്. എന്നാൽ ഇത്തവണ കൂടുതൽ സീറ്റാണ് ബിജെപി ആവിശ്യപ്പെടുന്നത്.

അതേസമയം, അകാലിദളുമായുള്ള സഖ്യനീക്കത്തിൽ ബിജെപിക്കുള്ളിൽ അഭിപ്രായഭിന്നതകൾ നിലനിൽക്കുന്നതായും റിപ്പോർട്ടുകളുണ്ട്. സഖ്യത്തെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും പാർട്ടിയിലുണ്ടെന്ന് ദേശീയ ന്യൂനപക്ഷ കമ്മീഷൻ ചെയർമാനും മുതിർന്ന ബിജെപി നേതാവുമായ ഹർജിത് ഗ്രെവാൾ പറഞ്ഞു. സഖ്യവുമായി ബന്ധപ്പെട്ട അവശേഷിക്കുന്ന വിഷയങ്ങളിൽ ധാരണയിലെത്തുന്നതിനായി കേന്ദ്ര ജൽ ശക്തി മന്ത്രി സി.ആർ. പാട്ടീൽ ഉടൻ പഞ്ചാബിലെത്തും.